## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 181

29.12.2010-ൽ മറുപടിയ്ക്ക്

# "ദേവസ്വംവക ഭൂമികളിൽ വനവത്കരണം നടത്തുന്നതിനുള്ള ഹരിത കേരളം-ദേവാരണ്യം പദ്ധതി"

ചോദ്യം

ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ടി.എൻ. പ്രതാപൻ
ശ്രീ.അടൂർ പ്രകാശ്

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ദേവസ്വം വക ഭൂമികളിൽ വനവത്കരണം നടത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ഇതു വരെ നടപ്പാക്കിയത്.;

(എ) ആഗോളതാപനം ചെറുക്കുക, പ്രകൃതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ദേവസ്വം ഭൂമികളിൽ വൃക്ഷവത്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് 23.03.2010 ൽ വനം, ദേവസ്വം എന്നീ വകുപ്പു മന്ത്രിമാരുടെ ഒരു സംയുക്ത യോഗം വഴുതക്കാട് ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ് "വനശ്രീ" ഹാളിൽ നടത്തി. ദേവസ്വം വകുപ്പു അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08.09.2010ൽ ചേർന്ന യോഗം മലബാർ, തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, കൂടൽമാണിക്യം എന്നീ ദേവസ്വങ്ങൾ യഥാക്രമം 40,000, 40,000, 15,000, 4,000, 1,000 (ആകെ ഒരു ലക്ഷം) വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കണമെന്ന് തീരുമാനിച്ചു. ഇതിനായി വനംവകുപ്പ് ഓഫീസുകളിൽ നിന്നും വൃക്ഷത്തൈകൾ ശേഖരിച്ച് അവ ഏതെല്ലാം ക്ഷേത്രങ്ങളിൽ കൊടുക്കണമെന്ന് അതാത് ദേവസ്വം ബോർഡുകൾ/ദേവസ്വങ്ങൾ ഒരു ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചു. വൃക്ഷത്തൈകൾ നടുന്നതിനുള്ള പണം അതാത് ദേവസ്വം ബോർഡുകൾ/ദേവസ്വങ്ങൾ കണ്ടെത്തണമെന്നും ജലലഭ്യത, പരിചരണം എന്നിവ ഉറപ്പുവരുത്തണമെന്നും

തീരുമാനിച്ചു. ഈ സംരംഭം ഏകോപിപ്പിച്ച് മേൽനോട്ടം വഹിക്കുന്നതിന് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി. വൃക്ഷതൈകൾ ശേഖരിക്കുന്നതിന് വിവിധ ദേവസ്വങ്ങൾ / ബോർഡുകൾ സമീപിക്കേണ്ട പ്രാദേശിക വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വിവരം സർക്കാരിനെയും, ദേവസ്വം കമ്മീഷണർമാരെയും അറിയിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബി) ഇതിനായി വനംവകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ഹരിതകേരളം–ദേവാരണ്യം പദ്ധതിയിൻകീഴിൽ ഏതൊക്കെ ദേവസ്വം ഭൂമികളിൽ വനവത്കരണം നടത്താനായി എന്ന് വെളിപ്പെടുത്തുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഉന്നതതല യോഗത്തിന്റെ തീരുമാനമനുസരിച്ചുള്ള തുടർ നടപടികൾക്കായി ബോർഡിലെ ക്ഷേത്രാനുബന്ധ ഉദ്യോഗസ്ഥരുടെ മേൽവിലാസം വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. ആ വകുപ്പിൽ നിന്നും കൂടുതൽ വിവരങ്ങൾ / നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ വനവത്കരണം നടപപാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല.

കൂടൽമാണിക്യം ദേവസ്വം ഹരിതകേരളം–ദേവാരണ്യം പദ്ധതിനടപ്പാക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ടെങ്കിലും ഈ വർഷം ചെടികൾ ലഭ്യമല്ലാത്തതിനാൽഅടുത്ത വർഷകാലത്ത് ചെടികൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും അതനുസരിച്ച് അടുത്ത മെയ്–ജൂൺ മാസങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് നടപടിയെടുക്കുമെന്നും അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിൻകീഴിലുള്ള ക്ഷേത്രഭൂമികളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി നടന്നുവരുന്നു. 13 ക്ഷേത്രങ്ങളിൽ നടപടി പൂർത്തിയായിക്കഴിഞ്ഞു. ഇതിനുപുറമെ മലപ്പുറം ഡിവിഷനിൽ 33 ക്ഷേത്രങ്ങളിലും, തലശ്ശേരി ഡിവിഷനിൽ 72 ക്ഷേത്രങ്ങളിലും, പാലക്കാട് ഡിവിഷനിൽ 20 ക്ഷേത്രങ്ങളിലും, കോഴിക്കോട് ഡിവിഷനിൽ 13 ക്ഷേത്രങ്ങളിലും, കാസർഗോഡ് ഡിവിഷനിൽ 11 ക്ഷേത്രങ്ങളിലും

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. (ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു)

കൊച്ചി ദേവസ്വം ബോർഡ് ഹരിതകേരളം-ദേവാരണ്യം പദ്ധതിയുടെ ഭാഗമാ;യി വനംവകുപ്പിൽ നിന്നും വൃക്ഷത്തൈകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇതുവരെ എന്തൊക്കെ കർമ്മ പരിപാടികൾ പൂർത്തിയാക്കി;

(സി) മലബാർ ദേവസ്വം ബോർഡിൽ പ്രധാന ക്ഷേത്രങ്ങളുടെ ക്ഷേത്രഭരണാധികാരികളുടെ യോഗം വിളിക്കുകയും, പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിന്റെ റീജിയണൽ ചീഫ് കൺസർവേറ്ററുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന ക്ഷേത്രഭരണാധികാരികൾക്ക് വൃക്ഷതൈകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.. പദ്ധതി നടപ്പാക്കിയ ക്ഷേത്രങ്ങളിൽ വൃക്ഷതൈകൾ സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം ബോർഡ് പരിഗണിക്കുന്നുണ്ടെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡ് ഔഷധ സസ്യ ബോർഡുമായി ചേർന്ന് വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വൃക്ഷതൈകൾ വനംവകുപ്പിന്റെ പ്രാദേശിക കേന്ദ്രങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഈ വർഷം ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത്?

(ഡി) തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വം എന്നിവിടങ്ങളിൽ പദ്ധതികൾ ആരംഭഘട്ടത്തിലാണ്.

മലബാർ ദേവസ്വം ബോർഡ് രണ്ടാംഘട്ടമെന്ന നിലയിൽ 40,000 വൃക്ഷതൈകൾകൂടി ക്ഷേത്രഭൂമിയിൽ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള കർമ്മപരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡ് ഹരിതകേരളം-ദേവാരണ്യം പദ്ധതിയനുസരിച്ച് 15000 വൃക്ഷതൈകൾ നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും തൈകൾ ലഭ്യമാകുന്ന മുറയ്ക്ക് നട്ടുപിടിപ്പിക്കുമെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

കൂടാതെ എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഭഗവതിക്ഷേത്രം, എറണാകുളം ശിവക്ഷേത്രം, കൊച്ചി പഴയന്നൂർ തുടങ്ങിയ ക്ഷേത്രങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവഞ്ചിക്കുളം, തിരുവില്വാമല ഗ്രൂപ്പുകളിലെ വിവിധ ക്ഷേത്രങ്ങളിലും, ചോറ്റാനിക്കരയിലും നട്ടുപിടിപ്പിക്കുന്നതിനായി ചന്ദനം-750, കണിക്കൊന്ന-150, നാടൻ നെല്ലി-150, കൂവളം-150, അശോകം-149, ഒട്ട് നെല്ലി-150 .ഇപ്രകാരം ചെടികൾ വിതരണം ചെയ്തിട്ടുണ്ടെന്നും കൊച്ചി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

Sulatha P.N.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 182 29/12/2010 ൽ മറുപടിയ്ക്ക്

## പോലീസുകാർക്ക് ഹെൽത്ത് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എം. മോനായി :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ :<br>ശ്രീ. സാജു പോൾ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) പോലീസുകാർക്ക് ഹെൽത്ത് കാർഡ് നൽകാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) പോലീസുകാർക്ക് ഹെൽത്ത് കാർഡ് എന്നൊരു പദ്ധതി ആരംഭിച്ചിട്ടില്ല. എന്നാൽ പോലീസ് ഫയർ സർവ്വീസസ്, എക്സൈസ് ജീവനക്കാർക്ക് ജോലിയുടെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെ തുടർന്ന് ചികിത്സയ്ക്കും മറ്റു സഹായങ്ങൾക്കുമായി ഒരു നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; സംസ്ഥാനത്തൊട്ടാകെ ഇത് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി), (സി), (ഡി) ആന്റ് (ഇ) :<br><br>ബാധകമല്ല |
| (സി) ഈ പദ്ധതി പ്രകാരം പോലീസുകാർക്ക് ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | |
| (ഡി) പദ്ധതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | |
| (ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരോഗ്യ വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 29.12.2010 - ൽ മറുപടിക്ക്

ചോദ്യം നമ്പർ. 183

### നിയമനത്തട്ടിപ്പ് സംബന്ധിച്ച അന്വേഷണങ്ങൾക്ക് പ്രത്യേകം സെൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :<br>ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് :<br>ശ്രീ. പി. കെ. അബ്ദുറബ്ബ് :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) നിയമനത്തട്ടിപ്പു സംബന്ധിച്ച അന്വേഷണങ്ങൾക്ക് പോലീസിൽ പ്രത്യേക സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) : പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പി. എസ്. സി. യുടെ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പോലീസിലെ ഏതെങ്കിലും വിഭാഗം അന്വേഷണം നടത്തുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ ; | (ബി) : ഉണ്ട്. പി. എസ്. സി. യുടെ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് 2 കേസുകൾ കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരവിപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 993/10 U/s 417, 420 IPC, ക്രൈം നമ്പർ 1597/10 U/s 406, 417, 420, 468, 120 (B) r/w 34 IPC and Sec. 66 of IT Act എന്നീ കേസുകൾ കൊല്ലം ഡിവൈ. എസ്. പി. അന്വേഷണം നടത്തി വരുന്നു. |
| (സി) പി. എസ്. സി. മുൻ ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറി സബ് ഇൻസ്പെക്ടർ നിയമനത്തിന് കൈക്കൂലി വാങ്ങിയതായി പോലീസിന് പരാതി കിട്ടിയിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ പോലീസ് സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം നൽകുമോ ; | (സി) ഇത് സംബന്ധിച്ച KPSC സെക്രട്ടറിയുടെ ആവശ്യപ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സതേൺ റെയ്ഞ്ച് യൂണിറ്റിൽ VE 31/03/SRT പ്രകാരം ഇതേക്കുറിച്ച് അന്വേഷണം നടത്തുകയും ഒരാളെ സർവീസിൽ നിന്നും പിരിച്ചു വിടുകയും മറ്റൊരാൾ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം നേരിടുകയുമാണ്. |

| | |
|---|---|
| **(ഡി)** പി. എസ്. സി. യുമായി ബന്ധപ്പെട്ട പോലീസ് കേസുകളിൽ പി. എസ്. സി. യിൽ നിന്നും വിവരശേഖരണം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദമാക്കുമോ ; | **(ഡി)** പി. എസ്. സി. യുമായി ബന്ധപ്പെട്ട കേസുകളിൽ ആവശ്യമായ വിവരം ലഭ്യമാക്കുന്നതിന് പി. എസ്. സി. യോട് യൂണിറ്റ് മേധാവി മുഖാന്തിരം രേഖാമൂലം വിവരങ്ങൾ ആവശ്യപ്പെടുകയാണ് ചെയ്തുവരുന്നത്. |
| **(ഇ)** അത്തരം കേസുകളിൽ പി. എസ്. സി. യിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിനോ അന്വേഷണ നടപടികൾ സ്വീകരിക്കുന്നതിനോ എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ ; | **(ഇ)** : കെ. പി. എസ്. സി, ഭരണഘടനാ പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന സ്ഥാപനമായതിനാൽ സാധാരണ നടപടിക്രമങ്ങളിൽ നിന്നും വ്യത്യസ്ഥമായ നടപടിക്രമങ്ങളാണ് തുടർന്നു വരുന്നത്. |
| **(എഫ്)** ഇതു സംബന്ധിച്ച് പി. എസ്. സി. ചെയർമാൻ എന്തെങ്കിലും വിരുദ്ധാഭിപ്രായം രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | **(എഫ്)** ഇല്ല. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നംപർ- 184 29/12/2010 -ൽ മറുപടിയ്ക്ക്

**ജയിൽ മോചിതരുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു പോൾ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>(ബഹു: ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി): |

| | |
|---|---|
| (എ). ജയിലുകളിൽ നിന്ന് മോചിതരാകുന്നവർക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ). ഉണ്ട് . ജയിൽ മോചിതർക്കുവേണ്ടി സാമൂഹ്യ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ഒറ്റത്തവണ പദ്ധതിയായി 15, 000 രൂപ ധനസഹായമായി നൽകുന്ന പദ്ധതി സാമൂഹ്യക് ഷേമ വകുപ്പു വഴി നടപ്പിലാക്കിവരുന്നു. |
| (ബി). തടവുകാർക്ക് ക് ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ; ഈ ക് ഷേമനിധിക്ക് ആവശ്യമായ ഫണ്ട് എങ്ങനെയാണ് സമാഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി). യും ( സി) യും.<br>ഇല്ല. 2010 ലെ കേരള ജയിലുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിന്റെ അനുച്ഛേദം 70 ൽ സംസ്ഥാനത്തെ തടവുകാരുടെ ക്ഷേമത്തിനായി കേരള തടവുകാർക്കുള്ള ക് ഷേമനിധി നടപ്പിലാക്കുന്നതിനുള്ള വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു |
| (സി). ക്ഷേമനിധിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 185 — 29/12/2010-ൽ മറുപടിക്ക്

## റോഡപകടങ്ങൾ കുറയ്ക്കാൻ നടപടികൾ

**ചോദ്യം**

ശ്രീ. എ.പ്രദീപ് കുമാർ.
ശ്രീ.എം.ചന്ദ്രൻ.
ശ്രീ.സി.എച്ച്.കുഞ്ഞമ്പു.
ശ്രീമതി.കെ.എസ്.സലീഖ.

**മറുപടി**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്നു വർഷത്തെ റോഡപകടങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ;

എ) റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കഴിഞ്ഞ മൂന്നു വർഷത്തെ റോഡപകടങ്ങളെ സംബന്ധിച്ച വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | അപകടങ്ങൾ | മരണ സംഖ്യ | പരിക്കേറ്റവർ |
|---|---|---|---|
| 2007 | 39917 | 3778 | 48246 |
| 2008 | 37263 | 3901 | 43857 |
| 2009 | 35433 | 3831 | 41401 |
| 2010 up to October | 29103 | 3260 | 34159 |

ബി) റോഡപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

ബി) റോഡപകടങ്ങൾ കുറയ്ക്കാൻ പോലീസ് വകുപ്പ് നിരവധി സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം 1-ായി ചേർത്തിരിക്കുന്നു.

സി) ഹൈവേകളിൽ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കുമോ;

സി) റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനും മറ്റുമായി ഹൈവേകളുമായി അടുത്ത് ഇടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ കേരളത്തിൽ നിലവിലുള്ള ഹൈവേ പട്രോൾ ടീമുകളുടെ

നേതൃത്വത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്ന ഹൈവേ ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് നമ്പർ 117/2009/ആഭ്യന്തരം തീയതി ജൂലൈ 25, 2009 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തൊട്ടാകെ 50 ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികളുടെ ഘടനയേയും പ്രവർത്തനങ്ങളേയും കുറിച്ചുള്ള വിശദവിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി) | ഹൈവേ പട്രോൾ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) | ട്രാഫിക് കുറ്റ കൃത്യങ്ങൾ തടയുന്നതിനായി ഹൈവേ പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപകട നിരക്ക് കൂടിയ ഹൈവേകളിൽ പുതിയ ഹൈവേ പട്രോൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ഇ) | ട്രാഫിക് നിയമലംഘനം തടയുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ? | ഇ) | ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനായി വളരെ തീവ്രമായ പരിശോധനകളും മറ്റു നടപടികളും പോലീസ് വകുപ്പു കൈക്കൊണ്ടു വരുന്നു. അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ വാഹനമോടിക്കുന്നവരെ കണ്ടെത്തി നടപടികളെടുക്കുവാനും ബോധവൽക്കരണം നടത്തുവാനുമുള്ള കർശ്ശന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 186 — 29.12.2010- ൽ മറുപടിക്ക്.

## ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിലെ തീപിടിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. സി. ടി. അഹമ്മദ് അലി<br>ശ്രീ. യു. സി. രാമൻ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ തീപിടിത്തമുണ്ടായ സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തുന്നുണ്ടോ ; | : (എ) ഉണ്ട് ;<br>കേസന്വേഷണം പൂർത്തിയായാൽ മാത്രമേ മറ്റു വിവരങ്ങൾ വ്യക്തമാകുകയുള്ളൂ. |
| (ബി) തീപിടിത്തത്തെത്തുടർന്ന്, കേസുകളുമായി ബന്ധപ്പെട്ട സാമ്പിളുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകളെ അതുബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | : (ബി) ഉണ്ട് ; രാസപരിശോധന കഴിഞ്ഞ് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം അവശേഷിച്ച സാമ്പിളുകളിൽ ഒരു ഭാഗത്തിന് തീപിടുത്തത്തിൽ നാശനഷ്ടം സംഭവിച്ചു. പരിശോധന നടത്തുവാനുള്ള സാമ്പിളുകൾ ഈ മുറിയിൽ സൂക്ഷിച്ചിരുന്നില്ല. നാശനഷ്ടം സംഭവിച്ച കേസ്സുകളുടെ എണ്ണവും തിട്ടപ്പെടുത്തി വരുന്നു. പ്രധാനമായും അബ്കാരി കേസുകളിൽപ്പെട്ട പരിശോധന കഴിഞ്ഞ സാമ്പിളുകൾക്കാണ് നാശം സംഭവിച്ചത്. അബ്കാരി കേസുകളിലെ പരിശോധന കഴിഞ്ഞ ബാക്കി സാമ്പിളുകൾ കോടതിയിൽ കേസിന്റെ നടത്തിപ്പിന് സാധാരണ ആവശ്യമായി വരാത്തതിനാൽ, കേസിന്റെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കില്ല എന്ന വിലയിരുത്തലാണുള്ളത്. |

(മറുപുറം)

(സി) ലാബിലെ സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത പോലീസ് അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ടോ ; അട്ടിമറി സാധ്യതയ്ക്കുള്ള തെളിവുകളെന്തെങ്കിലും അന്വേഷണത്തിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

: (സി) അന്വേഷണം നടത്തിവരുന്നതേയുള്ളു.

(ഡി) സംസ്ഥാനത്തെ ഫോറൻസിക് ലാബിൽ ഉണ്ടായ സ്ഫോടനസംഭവവുമായി ഇതിനുള്ള സമാനതകളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

: (ഡി) അന്വേഷണം നടത്തിവരുന്നതേയുള്ളു.

(ഇ) ഫോറൻസിക് ലാബിലെ സ്ഫോടനം സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളിൽ ഇത്തരം സ്ഥാപനങ്ങളിൽ ഏർപ്പെടുത്തേണ്ട അത്യാവശ്യ സുരക്ഷാക്രമീകരണങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ കെമിക്കൽ എക്സാമിനേഷൻ ലാബിൽ അതുപ്രകാരമുള്ള ക്രമീകരണങ്ങൾ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

: (ഇ) ഫോറൻസിക് ലാബിലെ സ്ഫോടനം സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷൻ റിപ്പോർട്ട് കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ കെമിക്കൽ എക്സാമിനേഷൻ ലാബിൽ നടപ്പിലാക്കിയിട്ടില്ല.

(എഫ്) കേസുകളുമായി ബന്ധപ്പെട്ട തെളിവുകൾ ഇത്തരം സംഭവങ്ങളിലൂടെ നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നു എന്നും, ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ?

: (എഫ്) പരിശോധനയ്ക്കുള്ള തൊണ്ടി സാധനങ്ങളും, സാമ്പിളുകളും, പരിശോധന കഴിഞ്ഞ തൊണ്ടി സാധനങ്ങളും പ്രത്യേകം പ്രത്യേകം മുറികളിലാണ് പൂട്ടി സൂക്ഷിക്കുന്നത്. ലബോറട്ടറിയുടെ താഴത്തെ നിലയിലും ഒന്നാം നിലയിലുമുള്ള

(മറുപുറം)

ജനാലകൾക്ക് ചില്ലുപാളികൾക്കു പകരം തടിയോ ലോഹമോ കൊണ്ടുള്ള പാളികൾ സ്ഥാപിക്കാൻ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ലബോറട്ടറിയിൽ 24 മണിക്കൂറും സായുധ പോലീസ് കാവൽ ഏർപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ലബോറട്ടറിയിലെ പഴയ ഇലക്ട്രിക് വയറിംഗ് മുഴുവൻ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

/

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187 29-12-2010- ൽ മറുപടിയ്ക്ക്

## ദേശീയ മത്സ്യവികസന ബോർഡിൽ നിന്നുള്ള സഹായം

ചോദ്യം / മറുപടി

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ : ശ്രീ. എസ്. ശർമ്മ:
ശ്രീ.കെ.കുഞ്ഞമ്മത് മാസ്ററർ : (ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):
ശ്രീ.ടി.പി.കുഞ്ഞുണ്ണി :
ശ്രീമതി.കെ.കെ.ലതിക :

| | |
|---|---|
| (എ) മത്സ്യമേഖലയുടെ വികസനത്തിന് ദേശീയ മത്സ്യവികസന ബോർഡിൽ നിന്നും എത്ര കോടി രൂപയുടെ സഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) മത്സ്യമേഖലയുടെ വികസനത്തിന് ഫിഷറീസ് വകുപ്പിനും അനുബന്ധ ഏജൻസികൾക്കുമായി ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും 14 പദ്ധതികൾക്കായി ആകെ 1533.115 ലക്ഷം രൂപ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മത്സ്യമേഖലയുടെ വികസനത്തിന് മത്സ്യവികസന ബോർഡിൽ നിന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 4 പദ്ധതികൾക്കായി 17.965 കോടി രൂപയുടെ ധനസഹായത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഗഡുവായി 10.37 കോടി രൂപ ലഭിച്ചു. |
| (ബി) എന്തെല്ലാം വികസന പദ്ധതികൾ നടപ്പാക്കുന്നതിനാണ് സഹായം ലഭിച്ചിട്ടുള്ളത്; പദ്ധതികളെ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) 2007-08 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പിനും ബന്ധപ്പെട്ട വിവിധ ഏജൻസികൾക്കും ദേശീയ മൽസ്യവികസന ബോർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്<br>1. **ഫിഷറീസ് വകുപ്പു വഴി നടപ്പാക്കുന്ന പദ്ധതികൾ**<br>എ) ട്രെയിനിംഗ് ആന്റ് ഡെമൺസ്ട്രേഷൻ പദ്ധതി<br>ട്രെയിനിംഗ് ആന്റ് ഡെമൺസ്ട്രേഷൻ (2007-08) പദ്ധതിക്കനുവദിച്ച 78.585 ലക്ഷം രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽ മത്സ്യകർഷകർക്ക് മത്സ്യ കൃഷിയിൽ പരിശീലനം |

നടപ്പാക്കി വരുന്നു.

ബി) സ്റ്റോക്ക് എൻഹാൻസ്മെന്റ് പദ്ധതി 2008-09

പ്രസ്തുത പദ്ധതി പ്രകാരം 2008-09 സാമ്പത്തിക വർഷം 42.85 ലക്ഷം രൂപ ലഭിച്ചു. ഇതു പ്രകാരം പാലക്കാട് ജില്ലയിലെ ചുള്ളിയാർ, വാളയാർ, മീൻകര, പോത്തുണ്ടി, മംഗലം, കാഞ്ഞിരപ്പുഴ, മലമ്പുഴ എന്നീ 7 റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക എന്ന പദ്ധതി പൂർത്തീകരിച്ചു.

സി) തെരഞ്ഞെടുത്ത 20 റിസർവ്വോയറുകളിലെ മത്സ്യകൃഷി

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലെ 20 ജലസംഭരണികളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷം 119.14 ലക്ഷം രൂപ എൻ.എഫ്.ഡി.ബിയിൽ നിന്ന് ലഭിച്ചു. ആയതിന്റെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിലെ സംരക്ഷിത മേഖലയായോ വന്യജീവി സാങ്കേതമായോ പ്രഖ്യാപിക്കപ്പെടാത്ത 16 ജലസംഭരണികളിൽ അവയുടെ തനത് ജൈവ സ്വഭാവം നിലനിർത്തികൊണ്ട് 75.205 ലക്ഷം മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.

ഡി) മത്സ്യ മേള നടപ്പാക്കുന്നതിന്

മത്സ്യ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ജനങ്ങളുടെ ഇടയിൽ വിശദീകരിക്കുന്നതിനു വേണ്ടി ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 4 മേഖലകൾക്കായി 40,00,000/- (നാല്പതു ലക്ഷം) രൂപയും തിരുവനന്തപുരം ജില്ലക്ക് മാത്രമായി 25 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**2. ഫിർമ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

എ) അലങ്കാര മത്സ്യത്തിനു വേണ്ടി ബാക്ക്യാർഡ് ഹാച്ചറി യൂണിറ്റുകൾ

273 ബാക്ക്യാർഡ് യൂണിറ്റുകൾക്കായി 68.25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 1 ലക്ഷം അടങ്കൽ തുക വരുന്ന ബാക്ക്യാർഡ് യൂണിറ്റ് ആരംഭിക്കുവാൻ വ്യക്തികൾക്ക് 25,000/- രൂപയും കുടുംബശ്രീയിൽ അംഗത്വം ഉള്ളവർക്ക് 50,000/- രൂപയും സബ്സിഡി നൽകുന്നു.

ബി) അലങ്കാര മത്സ്യ കൃഷിയിൽ ട്രെയിനിംഗ് പ്രോഗ്രാം

അലങ്കാര മത്സ്യകൃഷിയിൽ 273 ഗുണഭോക്താക്കളുടെ പരിശീലനത്തിനായി 4.82 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

സി) അലങ്കാര മത്സ്യകൃഷി - ബാക്ക്യാർഡ് ഹാച്ചറീസ്

| | |
|---|---|
| | ഫോർ വുമൺ SHG/ഫിഷർ വുമൺ കോപ്പറേറ്റീവ്സ്/അദർ ഹൗസ്ഹോൾഡേഴ്സ്<br><br>ഈ പദ്ധതിയ്ക്കായി കുടുംബശ്രീയിൽ അംഗത്വം ഉള്ള 112 യൂണിറ്റുകൾക്ക് ഫിർമ നോഡൽ ഏജൻസിയായി കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന കമ്പനിയ്ക്ക് 56 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.<br><br>ഡി) അക്വാഷോ<br>2010 ഫെബ്രുവരിയിൽ നടന്ന അക്വാഷോയ്ക്കായി 15 ലക്ഷം രൂപ ബോർഡിൽ നിന്ന് ലഭിച്ചു.<br><br>**3 കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) നടപ്പിലാക്കുന്ന പദ്ധതികൾ**<br>അലങ്കാര മത്സ്യത്തിനു വേണ്ടി 293 ബാക്ക്യാർഡ് ഹാച്ചറി യൂണിറ്റുകൾക്കും 700 പേർക്ക് പരിശീലനത്തിനുമായി യഥാക്രമം 121.00 ലക്ഷം രൂപയും 12.22 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 133.22 ലക്ഷം രൂപ എൻ.എഫ്.ഡി.ബിയിൽ നിന്ന് ലഭിക്കുകയുണ്ടായി ടി പദ്ധതി നടപ്പാക്കി വരുന്നു.<br><br>**4. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ**<br><br>ജലകൃഷി പദ്ധതികളായ ആറ്റുകൊഞ്ച് കൃഷി വികസനത്തിനും കോൾ നിലങ്ങളിൽ മത്സ്യവും ആറ്റുകൊഞ്ചും വളർത്തുന്നതിനും മത്സ്യ ബന്ധന വല നിർമ്മാണശാലയ്ക്കുമാണ് സഹായം ലഭിച്ചിട്ടുള്ളത്.<br><br>എ) ആറ്റുകൊഞ്ച് കൃഷി<br><br>തൃശ്ശൂർ, പാലക്കാട്, കോട്ടയം ഇടുക്കി, ആലപ്പുഴ, കാസർഗോഡ്, വയനാട് ജില്ലകളിൽ ആറ്റുകൊഞ്ച് കൃഷി നടത്തുന്നതിന് 2007-08-ൽ 18 ലക്ഷം രൂപ ലഭിയ്ക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബി) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ മത്സ്യകൃഷി<br><br>തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ ആറ്റുകൊഞ്ച്/മത്സ്യകൃഷി നടത്തുന്നതിന് 2008-09ൽ 10.82 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |

സി) മത്സ്യഫെഡ് വല നിർമ്മാണശാല

മത്സ്യ മേഖലയുടെ വികസനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ അഴീക്കലിൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ ഒരു മത്സ്യബന്ധന വല നിർമ്മാണ ശാല സ്ഥാപിയ്ക്കുന്നതിന് സംസ്ഥാന സർക്കാർ ഗ്യാരന്റിക്ക് വിധേയമായി 10 കോടി രൂപ 5 ശതമാനം വാർഷിക പലിശ നിരക്കിൽ വായ്പയായി മത്സ്യഫെഡിന് അനുവദിക്കുകയും ഇതിനകം 4 കോടി രൂപ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**5.** തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ

**1.** നളപാകം പദ്ധതി

മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി മൽസ്യ സംസ്ക്കരണം നടത്തുന്നതിലൂടെ കയറ്റുമതി വിപണിയിൽ നിന്നും ഉയർന്ന വില ലഭ്യമാക്കുന്നതിനും മൂല്യവർദ്ധിത മത്സ്യ ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ തീർദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന 262.5 ലക്ഷം രൂപ ചെലവു വരുന്ന നളപാകം പദ്ധതിയ്ക്ക് ദേശീയ മത്സ്യ വികസന ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ആകെയുള്ള 262.5 ലക്ഷം രൂപയിൽ 131.25 ലക്ഷം രൂപ ദേശിയ മത്സ്യ വികസന ബോർഡും 131.25 ലക്ഷം രൂപ സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഈയിനത്തിൽ എൻ.എഫ്.ഡി.ബിയിൽ നിന്നും ലഭിക്കേണ്ടുന്ന തുകയിൽ 71.43 ലക്ഷം രൂപ നാളിതുവരെ തീരദേശ വികസന കോർപ്പറേഷന് ധനസഹായമായി ലഭിച്ചിട്ടുണ്ട് ഈ പദ്ധതിക്കായി നാളിതുവരെ 23.733 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**2.** ആധുനിക മത്സ്യമാർക്കറ്റുകൾ .

വൃത്തിയും ആധുനിക സൗകര്യങ്ങളുമുള്ള മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2010-11 സാമ്പത്തിക വർഷം 5 ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് ആകെ 1190 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതികൾക്ക് ദേശിയ മത്സ്യ വികസന ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.

(രൂപ)

| മാർക്കറ്റ് | അടങ്കൽ തുക | എൻ.എഫ്.ഡി.ബി വിഹിതം | സംസ്ഥാന സർക്കാർ വിഹിതം | നാളിതുവരെ ലഭിച്ച തുക |
|---|---|---|---|---|
| ആലുവ | 250ലക്ഷം | 225 ലക്ഷം | 25 ലക്ഷം | 112.5 ലക്ഷം |
| നോർത്ത് പറവൂർ | 250 ലക്ഷം, | 225 ലക്ഷം | 25 ലക്ഷം | 112.5 ലക്ഷം |
| പത്തനംതിട്ട | 280 ലക്ഷം | 225 ലക്ഷം | 55 ലക്ഷം | 112.5 ലക്ഷം |

| | | | | |
|---|---|---|---|---|
| പാങ്ങോട് | 250 ലക്ഷം | 225 ലക്ഷം | 25 ലക്ഷം | 112.5 ലക്ഷം |
| മൂവാറ്റുപുഴ | 145 ലക്ഷം | 130.5ലക്ഷം | 14.5 ലക്ഷം | ----- |

**6. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

മത്സ്യമേഖലയുടെ വികസനത്തിന് ദേശീയ മത്സ്യവികസന ബോർഡിൽ നിന്നും താഴെ പറയുന്ന 4 പദ്ധതികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 1796.50 ലക്ഷം രൂപ ധനസഹായം അംഗീകരിച്ചിട്ടുണ്ട്.

(ലക്ഷം രൂപ)

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | ആദ്യഗഡുവായി ലഭിച്ച തുക |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റ പുനരുദ്ധാരണം | 280.00 | 280.00 |
| 2 | കായങ്കുളം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം | 259.00 | 130.00 |
| 3 | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണം | 254.50 | 127.00 |
| 4 | നീണ്ടകര, ശക്തികുളങ്ങര മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണം | 1003.00 | 500.00 |
| | ആകെ | 1796.50 | 1037.00 |

| | |
|---|---|
| (സി.) മത്സ്യ കർഷകർക്ക് പലിശീലനം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (സി) ട്രെയിനിംഗ് & ഡെമോൺസ്ട്രേഷൻ പദ്ധതിപ്രകാരം വിവിധ ജില്ലകളിൽ മത്സ്യകർഷകർക്ക് മത്സ്യകൃഷിയിൽ പരിശീലനം നൽകി വരുന്നു. അലങ്കാര മത്സ്യകൃഷി പരിശീലനത്തിനായി ഫിർമയ്ക്ക് 4.82 ലക്ഷം രൂപ ലഭിച്ചു. ഈ ട്രെയിനിംഗ് പദ്ധതികൾ 6 മാസത്തിനകം പൂർത്തിയാകുന്നതാണ്. കൂടാതെ 'നിഫാം' ഇന്റൻസീവ് അക്വാകൾച്ചർ മേഖലയിൽ പരിശീലനം നൽകുന്നുണ്ട്. ഇത് 2011 മാർച്ചിൽ പൂർത്തിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188 29-12-2010-ന് മറുപടിക്ക്

## ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.ഹംസ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി സംസ്ഥാനത്ത് ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 80% കേന്ദ്ര വിഹിതവും 10% സംസ്ഥാനവിഹിതവും ബാക്കി 10% നഗരസഭാ വിഹിതവുമാണ്. ഖര മാലിന്യ സംസ്ക്കരണം, കുടിവെള്ള വിതരണം, മലിനജല നിർമ്മാർജ്ജനം എന്നീ ഇനങ്ങളിലായി 22 നഗരസഭകളിൽ 25 പദ്ധതികൾ ഈ സ്കീമിൽ നടപ്പിലാക്കിവരുന്നു. 2005-06-ൽ കേന്ദ്രം പ്രഖ്യാപിച്ച ഈ പദ്ധതിയുടെ കാലാവധി 2011-12 വരെയാണ്. |
| ബി) ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ട്; | ബി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിനു നാളിതുവരെ 17340.73 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | ലഭിച്ചതുക (ലക്ഷത്തിൽ) |
|---|---|
| 2006-07 | 3363.04 |

| | |
|---|---|
| 2007-08 | 5194.27 |
| 2008-09 | 8783-42 |
| 2009-10 | ഇല്ല |
| 2010-11 | ഇല്ല |
| ആകെ | 17340.73 |

സി) ഈ പദ്ധതിക്കായി കഴിഞ്ഞ സർക്കാർ എത്ര പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു; എത്ര പദ്ധതികൾ നേടിയെടുത്തുവെന്ന് വ്യക്തമാക്കുമോ;

സി) 2005-06-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഈ പദ്ധതിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

ഡി) ഈ സർക്കാർ എത്ര പദ്ധതികൾ സമർപ്പിച്ചു; എത്ര പദ്ധതികൾ നേടിയെടുത്തുവെന്ന് വ്യക്തമാക്കുമോ;

ഡി) ഈ സർക്കാരിന്റെ കാലത്ത് യു.ഐ.ഡി.എസ്.എസ്.എം.റ്റി. സ്കീമിൽ 35 പദ്ധതികൾ സമർപ്പിച്ചിട്ടുള്ളതിൽ 25 പദ്ധതികൾ കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2008-09-ൽ കേന്ദ്രത്തിന് സമർപ്പിച്ച 10 പദ്ധതികൾ സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം അധികരിച്ചതിനാൽ കേന്ദ്രം അംഗീകരിച്ച് തുക അനുവദിച്ചിട്ടില്ല.

ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

നഗരസഭാതലത്തിൽ നഗരസഭാ അദ്ധ്യക്ഷൻ ചെയർമാനായി മോണിറ്ററിംഗ് കമ്മിറ്റികളും, നഗരകാര്യവകുപ്പ് ഡയറക്ടർ വിളിച്ചുകൂട്ടുന്ന നഗരസഭാ സെക്രട്ടറിമാരുടെ മാസാവലോകന യോഗങ്ങളും, കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള എംപവേർഡ് കമ്മിറ്റിയും പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച അവലോകനം നടത്തുന്നതിനുള്ള സംവിധാനങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 189

29.12.2010-ൽ
മറുപടിയ്ക്ക്

## "ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജ്"

ചോദ്യം
ശ്രീ.കെ.അച്ചുതൻ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എ.പി.അനിൽകുമാർ
ശ്രീ.ടി.എൻ.പ്രതാപൻ

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെ പൊതുവായ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(എ) മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ശോചനീയമായ അവസ്ഥ മാറ്റുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി മെച്ചപ്പെട്ട രീതിയിലുള്ള ഒരു ശമ്പള പരിഷ്കരണം നടപ്പാക്കി. 3 വർഷമെങ്കിലും തുടർച്ചയായി ക്ഷേത്രങ്ങളിൽ ജോലിചെയ്തിരുന്ന നല്ലൊരുവിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തി.

ബോർഡ് നിലവിൽ വന്ന ശേഷം 8,93,70,028/- (എട്ടു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എഴുപതിനായിരത്തി ഇരുപത്തിയെട്ട് രൂപ) രൂപ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ധനസഹായമായി നൽകിയിട്ടുണ്ട്. ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതിന് ലാന്റ് കൺസർവൻസി യൂണിറ്റ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി 2008-2009 വർഷത്തിൽ 1,75,00,000/- രൂപയും, 2009-2010 ൽ 2,08,00,000/- രൂപയും നൽകി. 2010-2011 ൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി ഏർപ്പെടുത്തി. പൂജാ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം

നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റ് നിലവിൽ വരുത്തി. ക്ഷേത്രജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കി. ബോർഡിൽ കെട്ടിക്കിടന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഡിവിഷൻ അടിസ്ഥാനത്തിൽ അദാലത്തുകൾ നടത്തി.

(ബി) മലബാർ പ്രദേശത്തെ അതിപുരാതനങ്ങളും ചരിത്രപ്രസിദ്ധങ്ങളുമായ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ ക്ഷേത്ര ജീർണ്ണോദ്ധാരണ ഫണ്ട് നൽകുമ്പോൾ അതിപുരാതനവും, ചരിത്ര പ്രസിദ്ധവുമായ ക്ഷേത്രങ്ങളുടെ കാര്യം പ്രത്യേകമായി പരിഗണിക്കുകയും ഇത്തരം ക്ഷേത്രങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിലെ സാധ്യത മലബാർ ദേവസ്വം ബോർഡ് പരിശോധിക്കുന്നതാണ്.

(ഡി) ഈ പ്രദേശത്തെ ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിറുത്തുന്നതിനും ക്ഷേത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

(ഡി) ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിർത്തുന്നതിനും ക്ഷേത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതുമായ കാര്യങ്ങൾ സർക്കാർ ആലോചിച്ചുവരുന്നു. മാത്രമല്ല ഈ മേഖലയിൽ അനുഷ്ഠാന കർമ്മം നിർവ്വഹിച്ചുവരുന്ന കോലധാരികൾ, അന്തിത്തിരിയൻ, വെളിച്ചപ്പാട്, കോമരം, കർമ്മി, അച്ഛൻ തുടങ്ങിയവർക്ക് പ്രതിമാസ ധനസഹായം നടപ്പാക്കുന്നപദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 190 — 29/12/2010 ൽ മറുപടിയ്ക്ക്

ക്രൈം ബ്രാഞ്ചിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ :

മറുപടി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ക്രൈം ബ്രാഞ്ചിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി ഈ വകുപ്പിനെ പ്രത്യേക വിഭാഗങ്ങളായി വിഭജിച്ചതിനുശേഷമുള്ള പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | (എ) കുറ്റാന്വേഷണ വിഭാഗത്തിൽ നിലവിൽ ഉണ്ടായിരുന്ന കേസുകൾ മൂന്നായി വിഭജിച്ച് യൂണിറ്റുകളിലേക്ക് നൽകി നിലവിലുണ്ടായിരുന്ന ഓഫീസേഴ്സിനേയും മറ്റു ഉദ്യോഗസ്ഥരെയും അവരുടെ അന്വേഷണ പ്രാവീണ്യത്തിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത മൂന്ന് വിഭാഗത്തിലും ഒരുപോലെ വിഭജിച്ച് നൽകി പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. കൂടാതെ എസ്. പി, ഐ. ജി. പി, എ.ഡി.ജി.പി എന്നീ ഉദ്യോഗസ്ഥന്മാർ എല്ലാ കേസുകളുടേയും അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ ക്രൈം കോൺഫറൻസുകൾ മാസം തോറും |

| | |
|---|---|
| | നടത്തി ഓരോ കേസുകളുടേയും അന്വേഷണ പുരോഗതിയും, പ്രത്യേക വിഭാഗങ്ങളായി വിഭജിച്ചതിന് ശേഷമുള്ള പുരോഗതിയും വിലയിരുത്തുന്നുണ്ട്. മാത്രമല്ല ഇതിലേക്ക് പുതുതായി രൂപീകരിച്ച സബ് യൂണിറ്റ് തലത്തിൽ ( ഡി വൈ എസ് പി തലത്തിൽ ) നിത്യേന എന്ന വണ്ണം കേസിൻെറ അന്വേഷണ പുരോഗതി വിലയിരുത്തിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും സ്പെഷ്യലൈസ്ഡ് സെൻട്രൽ യൂണിറ്റ് (എസ്. പി) തലത്തിൽ എല്ലാ മാസവും കേസ് ഫയലുകൾ പരിശോധിച്ച് കേസിൻെറ അന്വേഷണ പുരോഗതി വിലയിരുത്തിയും, റിവ്യൂ നടത്തിയും കൂടുതൽ നിർദ്ദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തും സെൻട്രൽ സൂപ്പർവൈസറി ഓഫീസർ ( ഡി ഐ ജി/ ഐ ജി) തലത്തിൽ അടിക്കടി സ്പെഷ്യലൈസ്ഡ് വിംഗ്സ് (യൂണിറ്റ്) സന്ദർശിച്ചും കേസന്വേഷണ പുരോഗതി വിലയിരുത്തി വരുന്നു. |
| (ബി) ഇത്തരത്തിൽ വിഭജിക്കപ്പെട്ട വിവിധ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേക വൈദഗ്ദ്ധ്യം നേടിയ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് | (ബി) ശാസ്ത്രീയ കുറ്റാന്വേഷണം നടത്തുന്നതിലേക്ക് വൈദഗ്ദ്ധ്യം ലഭിക്കുന്നതിനു വേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിലും, തൃശൂർ കേരളാ |

| | |
|---|---|
| വെളിപ്പെടുത്തുമോ ; | പോലീസ് അക്കാഡമിയിലും നടത്തി വരുന്നു. |
| (സി) ഈ വിഭാഗങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) കേസന്വേഷണത്തിൽ പ്രാവിണ്യം തെളിയിച്ച ഉദ്യോഗസ്ഥരെ കുറ്റാന്വേഷണ വിഭാഗത്തിൽ നിയമിക്കുക, കേസിന്റെ വർദ്ധനവ് കണക്കിലെടുത്ത് ലഭ്യതക്കനുസരിച്ച് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുക, പ്രത്യേക പ്രോത്സാഹനം എന്ന നിലയ്ക്ക് ഇൻസെന്റീവ് നൽകുക, കുറ്റാന്വേഷണ വിഭാഗത്തിൽ നിയമിച്ചുവരുന്ന ഉദ്യോഗസ്ഥരെ ഒരു നിശ്ചിത കാലാവധി (2 വർഷം) വരെ നിലനിർത്തുക, കുറ്റാന്വേഷണ വിഭാഗത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധനവ്, ഒരു തസ്തികയിൽ നിന്നും മറ്റൊരു തസ്തികയിലേക്ക് കയറ്റം കിട്ടുന്നതിന് ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് എന്നിങ്ങനെയുള്ള യൂണിറ്റുകളിൽ 2 വർഷമെങ്കിലും ജോലി ചെയ്തിരിക്കണം എന്ന നിബന്ധന (കരിയർ പ്ലാനിംഗ് ) തുടങ്ങിയവ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 191 | 29.12.10-ൽ മറുപടിയ്ക്ക്

ഇൻഫർമേഷൻ കേരള മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി.) | |
| (എ) | ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, നഗരകാര്യ-പഞ്ചായത്ത് വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ, ജില്ലാ റീജിയണൽ ഓഫീസുകൾ എന്നിവയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുക എന്നതാണ് ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രധാന ഉദ്ദേശം. |
| (ബി) | കഴിഞ്ഞ വർഷം മിഷൻ പൂർത്തീകരിച്ച പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ വർഷം ഇൻഫർമേഷൻ കേരളാ മിഷൻ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• സാമൂഹ്യ സുരക്ഷാപെൻഷൻ കമ്പ്യൂട്ടർവൽക്കരിച്ച് 757 പഞ്ചായത്തുകളിലും എല്ലാ നഗരസഭകളിലും ഇലക്ട്രോണിക് മണി ഓർഡർ മുഖേന വിതരണത്തിന് സംവിധാനം തയ്യാറാക്കി.<br>• മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സുഗമ സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചു.<br>• വസ്തു നികുതി വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പ്രവർത്തനം തിരുവനന്തപുരം നഗരസഭയിൽ പൂർത്തീകരിച്ചു.<br>• എല്ലാ നഗരസഭകളുടേയും കഡസ്ട്രൽ അടിസ്ഥാനത്തിലുള്ള ഭൂപടങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കി. |

ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനു വെബ്സൈറ്റ് തയ്യാറാക്കൽ, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നത് കമ്പ്യൂട്ടർവൽക്കരിക്കൽ, പഞ്ചായത്തുകളിലേയും നഗരസഭകളിലേയും മരാമത്തു പണികളുടെ എസ്റ്റിമേറ്റ്, റവന്യൂ സംവിധാനങ്ങൾ എന്നിവ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവർത്തനം എന്നിവയാണ് ഈ വർഷം നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(സി) ഗ്രാമപഞ്ചായത്തുകളുടെ വരവുചെലവുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ വരവുചെലവു കണക്കുകൾ ഡബിൾ എൻട്രി അക്കൗണ്ടിംഗ് രീതിയിൽ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 'സാംഖ്യ' സോഫ്റ്റ്‌വെയർ ഐ.കെ.എം. തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ 1, 2011 മുതൽ ഇത് പഞ്ചായത്തുകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) 2008-09 വരെയുള്ള ക്രഡിറ്റ് കാർഡ് തയ്യാറായിട്ടുണ്ട്. 2009-10 ലെ വിവരങ്ങൾ പൂർത്തിയാക്കി വരുന്നു.

(ഇ) സാമൂഹ്യസുരക്ഷാപെൻഷൻ സംബന്ധിച്ച ഡാറ്റാബേസുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) തൊള്ളായിരത്തിലധികം ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബേസുകൾ പൂർത്തിയായിട്ടുണ്ട്. മറ്റു പഞ്ചായത്തുകളിൽ ഇത് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192 29-12-2010- ൽ മറുപടിയ്ക്ക്

## മത്സ്യകേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ.എൻ അനിരുദ്ധൻ<br>ശ്രീ.എ.കെ. ചന്ദ്രൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി): |

| | |
|---|---|
| (എ) മത്സ്യകേരളം പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിലൂടെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) 2008-09 ലാണ് സംസ്ഥാനത്ത് മത്സ്യകേരളം പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിലൂടെ 2200 ടൺ ചെമ്മീനും 2395 ടൺ കല്ലുമ്മേക്കായയും 8 ടൺ കരിമീനും 1 ടൺ ഞണ്ടും ഉൾപ്പെടെ ആകെ 4604 ടൺ അധിക ഉൽപ്പാദനം നടത്താൻ സാധിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു; | (ബി) മത്സ്യകേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 3433 ഹെക്ടർ ശുദ്ധജലത്തിലും 2657.5 ഹെക്ടർ ഓരുജലത്തിലുമായി മൊത്തം 6090.5 ഹെക്ടറിൽ മത്സ്യ/ചെമ്മീൻകൃഷി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 1000 യൂണിററ് കല്ലുമ്മേക്കായ കൃഷിയും നടന്നു. 25834 കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. |
| (സി) സംസ്ഥാനത്ത് മത്സ്യവിത്തു പരിപാലന യൂണിററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഏതെല്ലാം ഇനങ്ങളിൽപ്പെട്ട മത്സ്യവിത്തുകളെയാണ് ഈ യൂണിററുകളിൽ പരിപാലിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്താകെ ആദ്യഘട്ടത്തിൽ 63 മത്സ്യവിത്തു പരിപാലന യൂണിററുകളും രണ്ടാം ഘട്ടത്തിൽ 72 മത്സ്യവിത്തുപരിപാലന യൂണിററുകളുമാണ് മത്സ്യകേരളം പദ്ധതി പ്രകാരം പ്രവർത്തിച്ചത്. കട്‌ല, രോഹു, മൃഗാൾ തുടങ്ങിയ കാർപ്പ് ഇനത്തിൽപ്പെട്ട ശുദ്ധജല മത്സ്യവിത്തുകളാണ് ഈ യൂണിററുകളിൽ വളർത്തിയെടുത്തത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193 29-12-2010-ന് മറുപടിക്ക്

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ജവഹർലാൽ നെഹ്റു ദേശീയനഗര നവീകരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി പ്രകാരം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 14 പദ്ധതികളാണ് നടപ്പിലാക്കുന്നത്. (വിശദാംശം അനുബന്ധം - 1 ആയി ചേർക്കുന്നു). കൂടാതെ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ് എസ്.എം.റ്റി) എന്ന പദ്ധതിയും കെ.എസ്.യു.ഡി.പി. വഴി നടപ്പിലാക്കി വരുന്നു. ഖരമാലിന്യ സംസ്കരണം, കുടിവെള്ള വിതരണം, മലിന ജല നിർമ്മാർജ്ജനം എന്നിവയ്ക്കായി 25 പദ്ധതികൾ 22 നഗരങ്ങളിലായി ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>കുടുംബശ്രീ മുഖാന്തിരം ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉപ പദ്ധതിയായ ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (ബി.എസ്.യു.പി.) പദ്ധതിയും, സമഗ്ര ചേരി വികസനം ലക്ഷ്യമിടുന്ന സംയോജിത ഭവന നിർമ്മാണ ചേരി വികസന പരിപാടി |

(ഐ.എച്ച്.എസ്.ഡി.പി.) യുമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ബി.എസ്.യു.പി. പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരസഭകളുടെ 343.40 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 233.55 കോടി രൂപ കേന്ദ്രവിഹിതമാണ്. ഈ പദ്ധതിയിലൂടെ തിരുവനന്തപുരത്ത് 23 ചേരികളുടെയും കൊച്ചിയിൽ തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളിൽ ഉൾപ്പെടെ, 21 ചേരികളുടെയും സമഗ്ര വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. തിരുവനന്തപുരത്ത്12393 ദരിദ്ര കുടുംബങ്ങൾക്ക് പുതിയ വീടുകളും കൊച്ചിയിൽ 10096 ദരിദ്ര കുടുംബങ്ങൾക്ക് പുതിയ വീടുകളും ലഭ്യമാകും.

ഐ.എച്ച്.എസ്.ഡി.പി. പദ്ധതി പ്രകാരം 45 നഗരസഭകളിലായി ആകെ 273.31 കോടി രൂപയുടെ പദ്ധതികളാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 201.37 കോടി രൂപ കേന്ദ്ര വിഹിതമാണ്. ഈ പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനം, ചേരിപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തൽ, ചേരികൾ മാറ്റി സ്ഥാപിക്കൽ, ചേരിപ്രദേശത്ത് ശുദ്ധജല വിതരണം, ഓടകളുടെ നിർമ്മാണം, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

| | |
|---|---|
| വി) ഈ വർഷം എന്തെല്ലാം പദ്ധതികളാണ് തിരുവനന്തപുരം കൊച്ചി നഗരസഭകളിൽ നടത്തുന്നത്; ഇതിനായി എത്ര കോടിരൂപ അനുവദിച്ചിട്ടുണ്ട്; | ബി) നഗരപശ്ചാത്തല വികസനവും ഭരണവും എന്ന പദ്ധതിയിൻകീഴിൽ 2010-11 വർഷത്തിൽ പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല. 2006-07 മുതൽ അനുവദിക്കപ്പെട്ട തിരുവനന്തപുരം നഗരസഭയിലെ 5 പദ്ധതികളും കൊച്ചി നഗര സഭയിലെ 6 പദ്ധതികളുമാണ് നടപ്പിലാക്കി വരുന്നത് (വിശദവിവരം അനുബന്ധം 2-ൽ ചേർക്കുന്നു). ഇവയ്ക്കായി 909.34 കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്.<br>തിരുവനന്തപുരം കൊച്ചി നഗരസഭകളിൽ മുൻ വർഷങ്ങളിൽ അനുവദിച്ച ബി.എസ്.യു.പി. പദ്ധതികളാണ് ഈ വർഷവും നടപ്പിലാക്കിവരുന്നത്. ബി.എസ്. യു.പി. പദ്ധതി പ്രകാരം നാല് ഘട്ടങ്ങളിലായി തിരുവനന്തപുരം നഗരസഭയുടെ 207.74 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 165.72 കോടി രൂപ കേന്ദ്ര വിഹിതമാണ്. കൊച്ചി നഗരസഭയുടെ 135.66 കോടി രൂപയുടെ പ്രോജക്ടിന് മൂന്നു ഘട്ടങ്ങളിലായി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 67.83 കോടി രൂപ കേന്ദ്ര വിഹിതമാണ്. ബി.എസ്.യു.പി. പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയ്ക്ക് 75.07 കോടി രൂപ കേന്ദ്ര വിഹിതമായും 3.51 കോടി രൂപ സംസ്ഥാന വിഹിതമായും കൊച്ചി നഗരസഭയ്ക്ക് 33.33 കോടി രൂപ കേന്ദ്ര വിഹിതമായും 19.83 കോടി രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| **സി) ജലവിതരണ പദ്ധതി, സ്വീവറേജ് സ്കീം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;** | സി) നഗരപശ്ചാത്തല വികസനവും ഭരണവും പദ്ധതിയിൻ കീഴിൽ ജലവിതരണ പദ്ധതി, സ്വിവറേജ് സ്കീം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അനുബന്ധം -3 ആയി ചേർക്കുന്നു. |
| **ഡി) പദ്ധതി പ്രവർത്തനം ത്വരിത പ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരച്ചിട്ടുള്ളത്?** | ഡി) കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന, മുകളിൽ പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി ആയത് യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരളനിയമസഭ
### പതിനാറാം സമ്മേളനം

## അധികാര വികേന്ദ്രീകരണം സംബന്ധിച്ച ഡോ. എം.എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.194. 29.12.2010-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശികുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. ബി.ഡി. ദേവസ്സി. | | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) | |
| (എ) | അധികാര വികേന്ദ്രീകരണം സംബന്ധിച്ച ഡോ.എം.എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഡോ. എം.എ ഉമ്മൻ കമ്മിറ്റിയുടെ ശുപാർശകൾ പരിഭാഷപ്പെടുത്തി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ശുപാർശകൾ നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | ശുപാർശകൾ നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടമായി അക്കാദമിക് രംഗത്തെ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 2009 ജൂലൈ 16-ന് ഒരു ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശുപാർശ പ്രകാരം പരിശീലനങ്ങളുടെ ഉള്ളടക്കവും ഗുണനിലവാരവും മെച്ചപ്പെടുത്തിയിട്ടുണ്ട്. മറ്റ് ശുപാർശകൾ നടപ്പാക്കുന്നതിന്റെ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിച്ചെലവിൽ ഉല്പാദന മേഖലയ്ക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ഉത്പാദന മേഖലയുടെ വിഹിതം 40 ശതമാനമായി 2007-ൽ വർദ്ധിപ്പിച്ചതിനു പുറമെ വകമാറ്റി ചെലവഴിച്ച തുക പതിനൊന്നാം പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിലായി പരിഹരിക്കുകയും ചെയ്തു. |
| (ഡി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. ഉദ്യോഗസ്ഥർക്ക് വാർഡുകളുടെ ചുമതല നൽകുകയും ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ തലത്തിൽ വിളിച്ചു ചേർക്കുന്ന സെക്രട്ടറിമാരുടെ പ്രതിമാസ യോഗത്തിൽ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |
| (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | (1) തദ്ദേശഭരണ സ്ഥാപനങ്ങൾക്കു മാത്രമായി ഒരു എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.<br>(2) ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടൻറ് തസ്തിക സൃഷ്ടിച്ചു.<br>(3) പദ്ധതി തയ്യാറാക്കൽ, പരിശോധന, അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.<br>(4) ജനന-മരണ രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.195

29.12.2010-ൽ മറുപടിയ്ക്ക്

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വർക്കല കഹാർ :<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. ജോർജ് മേഴ്സിയർ :<br>ശ്രീ. സി.പി. മുഹമ്മദ് : | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) | |
| എ. | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ രണ്ടാം ഗഡു ഇതുവരെ ഏതൊക്കെ ജില്ലകൾക്ക് ലഭിക്കുകയുണ്ടായി എന്നറിയിക്കുമോ ; | എ. | തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോട്ടയം . |
| ബി. | രണ്ടാം ഗഡുവായി ഈ ജില്ലകൾക്ക് ആകെ എത്ര കോടി രൂപയാണ് ഇതുവരെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ ; | ബി. | 16563.22 ലക്ഷം രൂപ . |
| സി. | ആവശ്യമായ രേഖകൾ സമർപ്പിക്കാത്തത് കാരണം രണ്ടാം ഗഡു വൈകിയതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി. | നിബന്ധനകൾ പാലിച്ചുകൊണ്ടാണ് രണ്ടാം ഗഡുവിനുള്ള അപേക്ഷകൾ സമർപ്പിച്ചത്. സെപ്റ്റംബർ 30-നകം സമർപ്പിക്കുന്ന രണ്ടാം ഗഡുവിനുള്ള അപേക്ഷയോടൊപ്പം ആഡിറ്റ് റിപ്പോർട്ട് നൽകേണ്ടതില്ല. എന്നാൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് രേഖകൾ വീണ്ടും നൽകിയിട്ടുണ്ട്. |
| ഡി. | സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ ഏതെങ്കിലും ജില്ല രണ്ടാം ഗഡുവിനുള്ള അപേക്ഷ നേരിട്ട് കേന്ദ്രത്തിന് നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോ; | ഡി. | പത്തനംതിട്ട രണ്ടാം ഗഡുവിനുള്ള അപേക്ഷയുടെ അഡ്വാൻസ് കോപ്പി കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിനയച്ചിട്ടുണ്ട്. |
| ഇ. | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | ഇ. | ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196 29-12-2010- ൽ മറുപടിയ്ക്ക്

## സുനാമി ദുരിതബാധിതർക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതി

ചോദ്യം

ശ്രീ. പി.വിശ്വൻ

ശ്രീ.എ.പ്രദീപ് കുമാർ

ശ്രീ.ആനത്തലവട്ടം ആനന്ദൻ

ശ്രീ.എ.സി.മൊയ്തീൻ

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) സുനാമി ദുരിതബാധിതർക്ക് ആശ്വാസം നൽകുന്നതിനും നഷ്ടപ്പെട്ട ജീവിതം തിരിച്ചു നൽകുന്നതിനുമായി മത്സ്യമേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സുനാമി ദുരിത ബാധിതർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ജീവനോപാധി പുന:സ്ഥാപിക്കുന്നതിനുമായി സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി ഫിഷറീസ് വകുപ്പ് മുഖേന 45.2492 കോടി രൂപയുടെ സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്), 23.29 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതി (ടി.ആർ.പി), 21.2186 കോടി രൂപയുടെ പ്രധാന മന്ത്രിയുടെ ദുരിതാശ്വാസനിധി ഉപയോഗിച്ചുള്ള (പി.എം.എൻ.ആർ.എഫ്) പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) ജീവനോപാധികളുടെ പുന:സ്ഥാപനത്തിനായി എത്ര കോടി രൂപ ചെലവഴിച്ചു; | (ബി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ പദ്ധതി തുകയായ 45.2492 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു. 30/11/2010 വരെയുള്ള കണക്കുകൾ പ്രകാരം സുനാമി പുനരധിവാസ പദ്ധതിയിൽ 15.6164 കോടി രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 14.3812 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. |
| (സി) മത്സ്യമേഖലയിൽ ഏതെല്ലാം പുതിയ പ്രോജക്ടുകൾ ആരംഭിച്ചു; | (സി) സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി പുന:സ്ഥാപനത്തിനായി മത്സ്യ മേഖലയിൽ |

| | |
|---|---|
| | ടി.ആർ.പി., ടീപ്പ്, പി.എം.എൻ.ആർ. എഫ് എന്നിവയ്ക്കു കീഴിൽ 71 തരം ചെറു പദ്ധതികൾ വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. |
| (ഡി)സ്ത്രീകളുടെ ആക്ടിവിററി ഗ്രൂപ്പുകൾ വഴി നടത്തുന്ന തൊഴിൽസംരംഭങ്ങൾ വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) സ്ത്രീകളുടെ പങ്കാളിത്തത്തോടെ നടത്തിവരുന്ന ഭൂരിപക്ഷം പദ്ധതികളും വിജയകരമാണ്. നിർവ്വഹണ ഏജൻസിതലത്തിലും, പ്രോജക്ട് ഇംപ്ളിമെന്റേഷൻ തലത്തിലും" പ്രോജക്ട് ഡയറക്ടർ തലത്തിലും പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഇതിനു പുറമെ ജില്ലാകളക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലതല മോണിറ്ററിംഗ് കമ്മിറ്റി അതത് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമെങ്കിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ഇ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ; | (ഇ) തീരമൈത്രി പദ്ധതിക്ക് കീഴിൽ പ്രവർത്തനക്ഷമമായിട്ടുള്ള തൊഴിൽ സംരംഭങ്ങൾ മിക്കതും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കിയാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുവരെ നടപ്പാക്കിയ പ്രധാന പദ്ധതികളിലെല്ലാം തന്നെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (എഫ്)മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകി ആരംഭിച്ച സീഫുഡ് കിച്ചണുകൾ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുമോ? | (എഫ്) സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം മത്സ്യഫെഡ് മുഖേന നടപ്പാക്കിയ സീഫുഡ് കിച്ചണുകൾ നടത്തുന്നതിന് തീരദേശത്തെ 10 വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. യൂണിറ്റൊന്നിന് 5.034 ലക്ഷം രൂപ അടങ്കൽ ചെലവു വന്നതിൽ 4.03 ലക്ഷം രൂപ സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരമുള്ള ധനസഹായവും 75,000 രൂപ ബാങ്ക് ലോണും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ധനസഹായ ത്തിനു പുറമെ രുചികരമായ മത്സ്യ |

| | |
|---|---|
| | വിഭവങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.എഫ്.പിയുടെ സഹായത്തോടെ പരിശീലനവും നൽകിയിട്ടുണ്ട്. കൂടാതെ കോവളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി വഴിയും ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ സീഫുഡ് കിച്ചൺ യൂണിറ്റുകൾക്ക് വീണ്ടും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ കഴിയില്ല. എന്നാൽ 2010-11 വർഷത്തിൽ തീരമൈത്രി എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയിൽ നിന്ന് ഈ യൂണിറ്റുകളുടെ തുടർച്ചയ്ക്കാവശ്യമായ സഹായങ്ങൾ ലഭ്യക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

## <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോക ബാങ്ക് വായ്പ</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.197. 29.12.2010-ൽ മറുപടിക്ക്.

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് ലോക ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി നടത്തിവന്ന ഉഭയകക്ഷി ചർച്ചകൾ പൂർത്തിയായിട്ടുണ്ടോ; | (എ) | പ്രാഥമിക ചർച്ചകൾ പൂർത്തി യായിട്ടുണ്ട്. |
| (ബി) | എന്ത് തുകയുടെ ലോക ബാങ്ക് വായ്പയാണ് ഇപ്രകാരം ലഭ്യ മാക്കുക എന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ധാരണ യായിട്ടുണ്ടോ? എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 200 ദശലക്ഷം ഡോളറിന്റെ വായ്പ ലഭ്യമാക്കാൻ സാമ്പത്തിക കാര്യവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എക്സ്പെൻഡിച്ചർ വകുപ്പിന്റെ ഡെബ്റ്റ് സസ്റ്റെയിനബിലിറ്റി ക്ളിയറൻസും പ്രതീക്ഷി ക്കുന്നു. |
| (സി) | പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി ഇത്തരത്തിൽ ലഭിക്കുന്ന വായ്പാ തുക വീതിച്ചു നല്കാൻ കഴിയുമോ; | (സി) | നിലവിലുള്ളമാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പാ തുക വീതിച്ചു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | ഇപ്രകാരംലഭ്യമാകുന്ന വായ്പയുടെ തിരിച്ചടവ് കാലാവധി, പലിശ നിരക്ക് എന്നിവ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടുണ്ടോ? എങ്കിൽ വിശദാംശം നല്കുമോ? | (ഡി) | ഉണ്ട്. 25 വർഷം കൊണ്ട 0.75% പലിശ നിരക്കിൽ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 198

29.12.2010-ൽ
മറുപടിയ്ക്കു്

## " മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ"

ചോദ്യം
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.എം.പ്രകാശൻ മാസ്റ്റർ
ശ്രീമതി.കെ.കെ.ലതിക

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും എന്നാൽ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ മലബാറിലെ ക്ഷേത്രങ്ങൾക്ക് ഓരോ സാമ്പത്തിക വർഷത്തിലും മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീർണ്ണോദ്ധാരണ ധനസഹായയിനത്തിൽ തുക അനുവദിച്ചുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്ന ശേഷം ഈ തുക വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച വർഷത്തിൽ (2008-2009) ക്ഷേത്ര ജീർണ്ണോദ്ധാരണത്തിനായി ഒരു കോടി 75 ലക്ഷം രൂപ 717 ക്ഷേത്രങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 2009-2010 വർഷത്തിൽ 727 ക്ഷേത്രങ്ങൾക്കായി രണ്ടു കോടി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2010-2011 സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിനായി 3 കോടി രൂപ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 892 ക്ഷേത്രങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

ഈ ലിസ്റ്റിൽ സ്വകാര്യ ക്ഷേത്രങ്ങളും, പട്ടിക ജാതി/പട്ടികവർഗ്ഗക്കാർ നടത്തുന്ന സ്വകാര്യ ക്ഷേത്രങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് സർക്കാർ ഗ്രാന്റ്–ഇൻ–എയ്ഡായി അനുവദിക്കുന്ന തുകയിൽനിന്നാണ് ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകുന്നത്.

(ബി) ഇതിനായി കഴിഞ്ഞ വർഷം എത്ര കോടി രൂപ അനുവദിച്ചു; ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2009–2010) 2 കോടി 8 ലക്ഷം രൂപ അനുവദിച്ചു. ഈ വർഷം (2010–2011) ഇതിനായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ജീർണ്ണാവസ്ഥയിലായ ക്ഷേത്ര കുളങ്ങളുടേയും ചിറകളുടേയും സംരക്ഷണത്തിനായി ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ക്ഷേത്ര ജീർണ്ണോദ്ധാരണത്തിന്റെ ഭാഗമായി ചിറകളുടെയും സംരക്ഷണം ഉൾപ്പെടുത്താറുണ്ട്. ഇത്തരം അപേക്ഷകൾക്ക് മുൻഗണന നൽകി തുക അനുവദിക്കാറുണ്ട്. എന്നാൽ കുളങ്ങളുടെയും, ചിറകളുടെയും സംരക്ഷണത്തിന് മാത്രമായി പ്രത്യേക ധനസഹായം അനുവദിക്കാറില്ല.

(ഡി) ദേവസ്വം ബോർഡിന്റെ കീഴിൽ വരാത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണത്തിനായി സഹായം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. ക്ഷേത്ര ജീർണ്ണോദ്ധാരത്തിനായി വകയിരുത്തുന്ന മൊത്തം തുകയുടെ 10% മുതൽ 15 % വരെയുള്ള തുകയാണ് സ്വകാര്യ ക്ഷേത്രങ്ങൾക്കായി അനുവദിക്കുന്നത്.

(ഇ) ദേവസ്വത്തിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ ആസ്തി സംരക്ഷണത്തിന് പദ്ധതി ആവിഷ്കരിക്കുമോ?

(ഇ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡിന് ഭരണ നിയന്ത്രണം മാത്രമേയുള്ളൂ. ഈ ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യേക യൂണിറ്റുകളായാണ നിലകൊള്ളുന്നത്. ക്ഷേത്ര ഭരണം നടത്തുന്നതിനുള്ള അവകാശം ക്ഷേത്രട്രസ്റ്റി ബോർഡിനായതിനാൽ ആസ്തി ബാദ്ധ്യതകളുടെ സംരക്ഷണവും അവരുടെ കൈകളിലാണ്. ആസ്തി സംരക്ഷണത്തിന് ഒരു ഏകീകൃത സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

Smlathan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 199 — 29/12/2010 ൽ മറുപടിയ്ക്ക്

## ശ്മശാനങ്ങളുടെ കുറവുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ.സി.കെ. പി. പത്മനാഭൻ<br>ശ്രീ.എം.കെ. പുരുഷോത്തമൻ<br>ശ്രീ. സി.കെ.സദാശിവൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ശ്മശാനങ്ങളുടെ കുറവുമൂലം ശവ സംസ്ക്കാരം നടത്തുന്നതിന് ചില സ്ഥലങ്ങളിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതക്കുറവും പ്രാദേശികമായി ഉണ്ടാകുന്ന എതിർപ്പുകളുമാണ് പൊതുശ്മശാനം സ്ഥാപിക്കുന്നതിന് തടസ്സമാകുന്നത്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പിന്റെ 18-ാമത് ഇനമായി ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കൂടാതെ 11-ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനായി സർക്കാർ പുറപ്പെടുവിച്ച 14/5/07-ലെ സ.ഉ (എം.എസ്) നം.128/07 / തസ്വഭവ മാർഗ്ഗ നിർദ്ദേശങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ശ്മശാന നിർമ്മാണം ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. പൊതുശ്മശാനം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്തുവാനും പൊതു ശ്മശാനം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാകളക്ടർമാരോടും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും നഗരകാര്യമേഖല ജോയിന്റ് ഡയറക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടർമാർ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചു കൂട്ടി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശ്മശാന നിർമ്മിതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | ശ്മശാന നിർമ്മാണത്തിനായി സംസ്ഥാന പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. ശ്മശാന നിർമ്മാണം, ശ്മശാന നവീകരണം, സ്ഥലം വാങ്ങൽ എന്നിവയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2006-07 വർഷം നാൽപ്പത്തിയഞ്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വീതം നാൽപ്പത്തിയഞ്ച് ലക്ഷം രൂപയും 2008-09 വർഷം 20 ഗ്രാമപഞ്ചായത്തുകൾക്ക് ഒരു കോടി എഴുപത് ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. 2010-11 വർഷം 50 ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 5 കോടി രൂപ സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ശ്മശാന നിർമ്മാണത്തിന് എന്ത് തുകയാണ് അനുവദിക്കുന്നത്; ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | 2010-11 വർഷം ശ്മശാന നിർമ്മാണത്തിനായി ഒരു ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. കൂടുതൽ തുക ആവശ്യമാണെങ്കിൽ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി സർക്കാരിൽ നിന്നും വർഷം തോറും നൽകുന്ന തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 200 — 29.12.2010 - ൽ മറുപടിക്ക്

### ക്രമസമാധാന പാലന പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ. കെ. സി. രാജഗോപാലൻ : | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമസമാധാന പാലനത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) : ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമസമാധാന പാലനത്തിൽ കൈവരിച്ച പുരോഗതി ചുവടെചേർക്കുന്നു: (1) സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം നടപ്പാക്കി നടപടികൾ സ്വീകരിച്ചതിൽ ഗുണ്ടാ പ്രവർത്തനങ്ങൾ തടയാൻ സാധിച്ചു. (2) (A) ജനമൈത്രി പോലീസിംഗ്, വനിതാ ജാഗ്രതാ സമിതി, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, വനിതാ ഹെൽപ്പ് ലൈൻ, ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ, സ്കൂൾ റോഡ് സേഫ്റ്റി ക്ലബ്ബുകൾ, കടലോര ജാഗ്രതാ സമിതികൾ മുതലായ നവീന പദ്ധതികൾ, ആവിഷ്കരിച്ച് പൊതു ജനങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ച് വരുന്നത് മൂലവും റസിഡന്റ് അസോസിയേഷനുകളുമായി സഹകരിച്ച് നൈറ്റ് പട്രോളിംഗും മറ്റും നടത്തി വരുന്നതിനാലും കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്താൻ കഴിഞ്ഞു. (B) കുറ്റക്കാർക്കെതിരെ മാതൃകാപരമായി നിയമനടപടികൾ സ്വീകരിച്ചതിനാൽ ക്രമസമാധാനപാലനത്തിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. |
| (ബി) മികച്ച ക്രമസമാധാനമുള്ള സംസ്ഥാനം എന്ന നിലയ്ക്ക് കേരളത്തിന് അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) : സംസ്ഥാനത്ത് പൊതുവെയുള്ള ക്രമസമാധാനം, പൊതുജനസേവനത്തിനുള്ള പോലീസുകാരുടെ എണ്ണം, കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണത്തിലെ കുറവ്, കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യം, കൊല, തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം, പീഡനം എന്നിവ |

യിലുണ്ടായിട്ടുള്ള കുറവ് തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് ഇന്ത്യയിലെ പ്രമുഖമായ ഒരു സ്വകാര്യ ഏജൻസി കേരളത്തെ മികച്ച ക്രമസമാധാനപാലനത്തിനുള്ള അവാർഡിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) കുറ്റാന്വേഷണരംഗം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആധുനിക കുറ്റാന്വേഷണത്തിന്റെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ഫോറൻസിക് ആന്റ് അനാലിസിസ്സ് മാസ്റ്റർ ട്രയിനേഴ്സ് കോഴ്സ്, കമ്പ്യൂട്ടർ പരിശീലനം, ക്രൈം ഇൻവെസ്റ്റിഗേഷൻ റിഫ്രഷർ കോഴ്സുകൾ തുടങ്ങിയവ നടത്തി വരുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കമ്പ്യൂട്ടർ വൽക്കരണം നടത്തി ഇന്റർനെറ്റ് കണക്ഷനുകൾ നൽകുകയും, പോലീസ് സേനാംഗങ്ങൾക്ക് Closed User Group മൊബൈൽ സിം കാർഡ് ലഭ്യമാക്കി എളുപ്പത്തിൽ സൗജന്യമായി ആശയവിനിമയം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ദേശീയ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളെ പരസ്പരം കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധപ്പെടുത്തുന്നതിനും അതുവഴി ക്രൈം നിയന്ത്രിക്കുന്നതിനുമായി CCTNS എന്ന സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സേനക്ക് ആവശ്യമായ നൂതന സംവിധാനങ്ങളോടുകൂടിയ വാഹനങ്ങൾ ലഭ്യമാക്കി.

കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനായി ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി അന്വേഷണോദ്യോഗസ്ഥൻമാർക്ക് നിരന്തരം ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാർ പരിശീലനം നൽകാറുണ്ട്. പോലീസ് ട്രെയിനിംഗ് കോളേജ്, കേരള പോലീസ് അക്കാഡമി എന്നിവയിൽ നടത്തുന്ന

പരിശീലന പരിപാടികളിൽ ടി ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാർ ക്ലാസ് എടുക്കാറുണ്ട്. പുതുതായി തുടങ്ങിയ ഡി. എൻ. എ., സൈബർ, സംവിധാനങ്ങളിൽ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ അന്വേഷണത്തിന് സഹായിക്കുന്ന രീതിയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്. കുറ്റകൃത്യം നടന്ന സ്ഥലം ശാസ്ത്രീയമായി പരിശോധിക്കാൻ പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കാനായി എല്ലാ ജില്ലകളിലും പരിശീലനം സിദ്ധിച്ച ശ്ാസ്ത്രജ്ഞൻമാരെ നിയമിച്ചിട്ടുണ്ട്.

ശാസ്ത്രീയ കുറ്റാന്വേഷണത്തിന്റെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് കുറ്റാന്വേഷണത്തിൽ മികവ് തെളിയിച്ച ഉദ്യോഗസ്ഥൻമാരെയും, ക്രിമിനോളജി തുടങ്ങിയ ശാസ്ത്രീയ വിഷയങ്ങളിൽ പ്രാവീണ്യം സിദ്ധിച്ചവരെയും കൊണ്ട് ക്ലാസ്സുകൾ കൈകാര്യം ചെയ്യുവരുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ആധുനിക ഉപകരണങ്ങളടങ്ങിയ ഇൻവെസ്റ്റിഗേഷൻ കിറ്റ് നൽകിയും, ജില്ലയിലെ ഫിംഗർ പ്രിന്റ് ബ്യൂറോ യൂണിറ്റ്, ഫോട്ടോഗ്രാഫി യൂണിറ്റ്, ഡോഗ് സ്ക്വാഡ്, ഫോറൻസിക് സയൻസ് ലബോറട്ടറി ഉദ്യോഗസ്ഥരുടെ സേവനവും DNA ബ്രയിൻ മാപ്പിംഗ്, പോളീഗ്രാഫ്, Super Imposition test എന്നീ ആധുനിക സംവിധാനങ്ങളും ഉപയോഗിക്കുക വഴി കേസന്വേഷണത്തിൽ കാലനുസൃതമായ പുരോഗതിയുണ്ടായിട്ടുണ്ട്.

ഇതു കൂടാതെ കുറ്റാന്വേഷണരംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ക്രമസമാധാന പാലനവും കുറ്റാന്വേഷണവും വേർപെടുത്തിയിട്ടുണ്ട്.

(ഡി) സാമ്പത്തിക തട്ടിപ്പുകൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി Economic Offences Wing എന്ന പേരിൽ സംസ്ഥാനത്ത് ക്രൈം ബ്രാഞ്ചിൽ 3 യൂണിറ്റുകൾ ഓരോ എസ്. പി. മാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച് വരുന്നു.

സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്യുന്നുണ്ട്. സർക്കിൾ ഇൻസ്പെക്ടർ റാങ്കിലും അതിന് മുകളിലുള്ള റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് ഈ കേസുകൾ അന്വേഷിച്ചു വരുന്നത്. കൂടാതെ തിരുവനന്തപുരം, പട്ടത്ത് എസ്. സി. ആർ. ബി. യിൽ പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള സൈബർ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയും, ലോക്കൽ സ്റ്റേഷനിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് ലഭിക്കുന്ന കൂടുതൽ സാങ്കേതിക വിദ്യ ആവശ്യമുള്ള .കേസുകളും അന്വേഷിച്ചു വരുന്നു. ഇതു കൂടാതെ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് ക്രൈം എൻക്വയറി സെൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിച്ചു വരുന്ന സൈബർ സെല്ലുകളും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണത്തിന് ലോക്കൽ പോലീസിന് വേണ്ട സാങ്കേതിക സഹായവും നൽകി വരുന്നു.

(ഇ) ജനങ്ങളുടെ പൗരാവകാശം ഉറപ്പുവരുത്തുന്നതിനായി പോലീസ് വകുപ്പിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) മനുഷ്യാവകാശങ്ങൾ ഉറപ്പാക്കുന്ന രീതിയിൽ നിലവിലുള്ള പോലീസ് നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ ചെയർമാനായി കേരള പോലീസ് ആക്ട് റിവ്യൂ കമ്മിറ്റി തയ്യാറാക്കിയ കരട് കേരള പോലീസ് ബിൽ 2010, 12-ാം കേരള നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

ഇതുകൂടാതെ ഐ. എം. ജി. യുമായി സഹകരിച്ച് പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നിന്നും നൽകി വരുന്ന സേവനങ്ങളെക്കുറിച്ച് പ്രതിപാദിപ്പിക്കുന്ന ഒരു പൗരാവകാശ രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 201 | 29/12/2010-ൽ മറുപടിക്ക് |
|---|---|

## തരിശ്ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.റ്റി.എ.റഹിം<br>ശ്രീ.സി.കെ.പി. പത്മനാഭൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പി.കൃഷ്ണപ്രസാദ് | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകര ണത്തോടെ സിഡിഎസ് ആക്ഷൻ പ്ലാൻ പ്രകാരം ലഭ്യമാക്കുന്ന തരിശുഭൂമി കൃഷിയോഗ്യമാക്കാൻ കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (സംഘകൃഷി ഗ്രൂപ്പുകൾ) വഴി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി സംഘകൃഷി ഗ്രൂപ്പുകൾക്ക് പഞ്ചായത്തുകളിൽ നിന്ന് പരിശീലനവും, വിത്ത്, വളം, കീടനാശിനി, യന്ത്രസാമഗ്രികൾ തുടങ്ങിയ ഉൽപാദനോപാധികൾ നൽകുകയും ഉൽപ്പന്നങ്ങൾക്കായുള്ള വിപണി ഒരുക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിലംഒരുക്കൽ, ജലസേചനം എന്നീ സഹായങ്ങൾ നൽകിവരുന്നു. സംഘകൃഷി ഗ്രൂപ്പുകൾക്ക് കുടുംബശ്രീയിൽ നിന്നും വിസ്തൃതി ഉൽപാദന ബോണസ് നൽകുന്നതോടൊപ്പം ബാങ്ക് വായ്പയ്ക്ക് 6% പലിശ സബ്സിഡിയും നൽകുന്നുണ്ട്. |
| (ബി) ഇതിന്റെ ഫലമായി എത്ര ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) 2009-10ൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന 17714 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്തിട്ടുണ്ട്. |

(സി) ഈ വർഷം എത്ര ഏക്കർ തരിശുഭൂമികൂടി കൃഷിയോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ വർഷം കുടുംബശ്രീ ജെ.എൽ.ജികൾ വഴി 10,000 ഏക്കർ തരിശുഭൂമിയിൽ കൂടി കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) ഇതിനായി കുടുംബശ്രീയ്ക്ക് എന്തെല്ലാം സഹായങ്ങൾ നൽകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി കുടുംബശ്രീയ്ക്ക് പഞ്ചായത്തുകളിൽ നിന്ന് പരിശീലനം, വിത്ത്, വളം, കീടനാശിനി, കാർഷിക യന്ത്രങ്ങൾ തൊഴിലുറപ്പു പദ്ധതിയുമായുള്ള സംയോജനം എന്നീ സഹായങ്ങൾ ലഭിച്ചുവരുന്നു.

(ഇ) നെൽകൃഷി നടത്താതെ തരിശിട്ടിരിക്കുന്ന വയലുകളെ സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾ വിവരം ശേഖരിച്ചിട്ടുണ്ടോ;

(ഇ) ഇല്ല. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ സാമ്പത്തിക സർവ്വേ 2009ലെ കണക്കുകളനുസരിച്ച് കേരളത്തിൽ 2008–09 വർഷത്തിൽ 91830 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമിയും 44939 ഹെക്ടർ മറ്റു തരിശുഭൂമിയുമുണ്ട്.

(എഫ്) ഇവിടെ കൃഷി ചെയ്യുന്നതിന് ഉടമസ്ഥരെ പ്രേരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(എഫ്) നെൽകൃഷി നടത്താതെ തരിശിട്ടിരിക്കുന്ന വയലുകളിൽ ഗ്രാമപഞ്ചായത്തും കൃഷി ഭവനും സംയുക്തമായി വാർഷിക പദ്ധതി പ്രകാരവും സമഗ്രനെൽകൃഷി വികസന പദ്ധതി പ്രകാരവും കർഷകന് വിത്ത്, വളം തുടങ്ങിയ ഉൽപാദന ഉപാധികൾ സബ്സിഡി നിരക്കിലും സ്പ്രെയറുകൾ, ട്രില്ലറുകൾ, കൊയ്ത്തുമെതി യന്ത്രം തുടങ്ങിയ കാർഷിക ഉപകരണങ്ങൾ നൽകിയും കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 202

29-12-2010 ൽ
മറുപടിയ്ക്ക്

## വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. വി.എൻ. വാസവൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; അന്താരാഷ്ട്ര മേളകളിൽ കേരള ടൂറിസം വകുപ്പ് പങ്കെടുക്കാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | എ) കേരളത്തിലേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി നിരവധി പരിപാടികൾ ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതിനു പുറമെ സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട നാലു നഗരങ്ങളിലും ഇംഗ്ളണ്ടിലെ നാലു നഗരങ്ങളിലും പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. ഈ വർഷവും വിവിധ നഗരങ്ങളിൽ പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. ഇതിനകം ജനീവ, വിയന്ന എന്നീ നഗരങ്ങളിൽ പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. 2011 ജനുവരി, മാർച്ച് മാസങ്ങളിലായി ജർമ്മനിയിലും അയർലണ്ടിലും പാർട്ട്നർഷിപ്പ് മീറ്റുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചരണം നടത്തി വരുന്നു. നവംബറിൽ ലണ്ടനിൽ നടന്ന WTM ലണ്ടൻ ഫെയറിൽ ടൂറിസം വകുപ്പ് പങ്കെടുത്തു. കൂടാതെ 2011 ജനുവരി, മാർച്ച് മാസങ്ങളിലായി നടക്കുന്ന FITUR-സ്പെയിൻ, ITB-ബെർലിൻ, TUR-ഗോതൻബർഗ് എന്നീ |

ഫെയറുകളിലും ടൂറിസം വകുപ്പ് പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പരസ്യ പ്രചരണത്തിന്റെ ഭാഗമായി അന്തർ ദേശീയ തലത്തിൽ പ്രചാരത്തിലുള്ള മികച്ച ടൂറിസം മാഗസീനുകളിലൂടേയും, ദൃശ്യ മാദ്ധ്യമങ്ങളിലൂടേയും പ്രചാരണങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര തലത്തിലുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഇംഗ്ളണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം ടൂറിസം വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്.

ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തിനായി ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന ഇരുപതോളം ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുത്ത് പ്രചാരണം നടത്തി വരുന്നു. കൂടാതെ ഇന്ത്യയിലെ പ്രധാനപ്പെട്ട പതിനഞ്ചോളം നഗരങ്ങളിൽ പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ബി) ഗൾഫ് മേഖലകളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ആകർ ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

ബി) ഗൾഫ് മേഖലകളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ലക്ഷ്യമാക്കി ഈ വർഷം ടൂറിസം വകുപ്പ് കേരളാ ട്രാവൽ മാർട്ട് സൊസൈറ്റി മുഖേന കുവൈറ്റ്, ബഹറിൻ, ഖത്തർ, ഒമാൻ എന്നീ രാജ്യങ്ങളിൽ റോഡ്ഷോകൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ എല്ലാ വർഷവും ദുബായിൽ വച്ച് നടക്കുന്ന എ.ടി.എം ദുബായ് ഫെയറിൽ കേരളാ ടൂറിസം സജീവമായി പങ്കെടുത്തുവരുന്നു.

സി) ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തിനായി ആകർഷകമായ ബ്രോഷറുകളും ടൂറിസ്റ്റ് ഗൈഡുകളും മറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

സി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ആകർഷകമായ ബ്രോഷറുകളും ടൂറിസ്റ്റ് ഗൈഡുകളും ടൂറിസം വകുപ്പ് തയ്യാറാക്കി വിതരണം ചെയ്തു വരുന്നു. കേരളത്തിന്റെ സമഗ്രമായ ഗൈഡായ കേരളാ കംബാനിയൻ, സ്മാർട്ട് ഗൈഡുകൾ ബ്രോഷറുകൾ, മാപ്പുകൾ, North Kerala, Central Kerala, South Kerala ഗൈഡുകൾ, കൂടാതെ കേരളത്തിലെ കലകളെ കുറിച്ചും ഉത്സവങ്ങളെക്കുറിച്ചുമുള്ള സീഡികളും

| | | | |
|---|---|---|---|
| | | | പുറത്തിറക്കിയിട്ടുണ്ട്. ഇവ ഇന്ത്യ ടൂറിസത്തിന്റേയും കേരളാ ടൂറിസത്തിന്റേയും ഇൻഫർമേഷൻ സെന്ററുകളിലൂടെയും ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ വിദേശ രാജ്യങ്ങളിലുള്ള ഇന്ത്യാടൂറിസത്തിന്റെ ഓഫീസുകൾ വഴിയും നൽകി വരുന്നു. |
| ഡി) | വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഈ വർഷം ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | ഡി) | 2010 വർഷം ഇതുവരെ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം സംബന്ധിച്ച ലഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നത്, മുൻ വർഷത്തെ അപേക്ഷിച്ച് വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ ഏകദേശം 14 ശതമാനം വർദ്ധനവാണ്. |
| ഇ) | ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച "ലോഗിൻ ഡോട്ട് കേരള" പദ്ധതി ടൂറിസത്തിന്റെ വളർച്ചയ്ക്ക് എന്തുമാത്രം പ്രയോജനപ്പെട്ടി ട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) | സഞ്ചാരികൾക്കും, വ്യവസായികൾക്കും, ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കു ന്നവർക്കും എല്ലാം ഒരുപോലെ പ്രയോജനപ്പെടുന്ന ഏതാനും ഘടക പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളാ ടൂറിസം ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ ലോഗിൻ ഡോട്ട് കേരള എന്ന ഐ.ടി. അധിഷ്ഠിത പരിപാടി ടൂറിസം വ്യവസായത്തിന് വളരെയധികം പ്രയോജനം ചെയ്തിട്ടുണ്ട്.<br>കേരളത്തിലെ ടൂറിസം വ്യവസായത്തിൽ ആതിഥ്യ സേവനരംഗത്ത് പ്രവർത്തിക്കുന്ന ചെറുതും വലുതുമായ ഏകദേശം 5000 ത്തോളം വരുന്ന സ്ഥാപനങ്ങളെക്കുറിച്ചും അവർ നൽകുന്ന സേവനങ്ങളെക്കുറിച്ചും ഉള്ള വിവരങ്ങൾ ലോകമെമ്പാടുമുള്ള സഞ്ചാരികൾക്ക് മുന്നിലെ ത്തിക്കുന്ന Online Hotel finder എന്ന ലിങ്ക് സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചവരുടെ എണ്ണം നിരവധിയാണ്.<br>ലോഗിൻ ഡോട്ട് കേരളാ എന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതിനു ശേഷം വെബ്സൈറ്റ് സന്ദർശിച്ച 19,77,064 പേർ 25,04,716 സന്ദർശനങ്ങൾ നടത്തിയതായി കണക്കാക്കിയിരിക്കുന്നു. ഇവർ 1,14,51,256 പേജുകൾ ഈ കാലയളവിൽ സന്ദർശിച്ചു.<br>ഈ പദ്ധതിയിലെ ONLINE ROOM RESERVATION എന്ന പേജിൽ 42400 പേർ സന്ദർശിച്ചു.<br>ഹോട്ടൽ ഉടമകൾക്ക് ഏറ്റവും അധികം |

പ്രയോജനപ്രദമായ online സംവിധാനത്തിലൂടെ സി ഫോം സമർപ്പിക്കുന്നതിനുള്ള സൗകര്യം ഇന്ന് 823 ലധികം സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നു. നാളിതുവരെ ഇതിലൂടെ 75740 സി ഫോം സ്വീകരിച്ചിട്ടുണ്ട്.

സഞ്ചാരികളുടെ എണ്ണം സംബന്ധിക്കുന്ന കണക്കുകൾ വേഗത്തിലും കൃത്യമായും ശേഖരിക്കുന്നതിനായി തയ്യാറാക്കിയ online tourist data collection ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

ONLINE TOUR OPERATOR ACREDITATION ടൂർ ഓപ്പറേറ്റർമാർക്ക് സേവനങ്ങൾ നൽകി വരുന്നു. ഇതിനകം 27 പേർ ഈ സൈറ്റിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്.

ONLINE BROCHURE DOWN LOAD എന്ന ഘടകം 83,731 പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ONLINE VIDEO SHARING YOU TUBE-ൽ കേരളാ ടൂറിസത്തിന്റേതായ 2 ബ്രാൻഡ് ചാനലുകളിൽ ഒന്നിൽ 530 വീഡിയോകളും രണ്ടാമത്തേതിൽ 430 വീഡിയോകളും ഉൾപ്പെടുന്നു. ഇതിൽ 10,44,167 പേർ ആദ്യത്തെ ചാനലിലേയും 9,55,445 പേർ രണ്ടാമത്തെ ചാനലിലേയും വീഡിയോ ദൃശ്യങ്ങൾ കണ്ടതായി കണക്കാക്കിയിരിക്കുന്നു.

ROYALTY FREE VIDEO CLIPS ON DVD- ടൂറിസം വ്യവസായത്തിലെ പങ്കാളികൾക്കായി 1000 ലധികം വീഡിയോകൾ replicate ചെയ്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 203 | 29.12.2010- ൽ മറുപടിക്ക്.

## ഫയർ ആന്റ് റസ്ക്യൂ അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. എം. മുരളി<br>ശ്രീ. എം. എ. വാഹീദ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അഗ്നിശമന സേനാവിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച ഫയർ ആന്റ് റസ്ക്യൂ അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | : (എ) അക്കാദമിയുടെ ഭരണ നിർവ്വഹണവും പരിശീലന പരിപാടികളും കാര്യക്ഷമമാക്കുന്നതിന്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ (ഭരണം), മാനേജർ, ജൂനിയർ സൂപ്രണ്ട്, ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ നാലു തസ്തികകൾ സർക്കാർ അക്കാദമിയിലേയ്ക്ക് മാറ്റുകയുണ്ടായി. ഈ വകുപ്പിലെ എല്ലാ ജീവനക്കാർക്കും നീന്തലിലും ഡൈവിംഗിലും പരിശീലനം നൽകുന്നതിലേയ്ക്കായി 100 ലക്ഷം രൂപ മുടക്കി അക്കാഡമിയിൽ ആധുനിക സജ്ജീകരണ-ങ്ങളോടെ ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിച്ചു വരുന്നു. ഇതിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞാൽ സർവ്വീസിലുള്ള മുഴുവൻ ജീവനക്കാർക്കും അക്കാദമിയിലെത്തുന്ന എല്ലാ ട്രെയിനികൾക്കും നീന്തലിലും ഡൈവിംഗിലും ആധുനിക പരിശീലനം |

(മറുപുറം)

നൽകുവാൻ സാധിക്കുന്നതാണ്. ഇതിന് ആവശ്യമായ മുങ്ങൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

വിയ്യൂർ അക്കാദമിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും ട്രെയിനികൾക്ക് ആധുനിക അഗ്നിശമന പ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നതിനുമായി താഴെപ്പറയുന്ന വാഹനങ്ങളും ഉപകരണങ്ങളും നൽകിയിട്ടുണ്ട് :

വിവിധ തരത്തിലുള്ള ആധുനിക ഉപകരണങ്ങളോടു കൂടിയ എമർജൻസി ടെൻഡർ - 1, വാട്ടർ ടെൻഡർ - 1, ജീപ്പ് - 2, കാർ - 1, മിനി ബസ്സ് - 1, ട്രെയിലർ പമ്പ് - 4, ഫ്ളോട്ട് പമ്പ് - 1, പോർട്ടബിൾ പമ്പ് - 1, റോപ്പ് ലാഡർ - 1, ഫ്ളോട്ടിംഗ് സ്ട്രെച്ചർ - 1, മോഡേൺ ബ്രാഞ്ച് പൈപ്പ് - 1, വെൽ ലിഫ്റ്റ് - 1.

| | |
|---|---|
| (ബി) ഈ അക്കാദമിയുടെ പ്രവർത്തനത്തിന് കേന്ദ്രസർക്കാരിൽ നിന്നും എന്തൊക്കെ സാങ്കേതിക സഹായങ്ങളാണ് ലഭിച്ചിട്ടുള്ളത് ? | : (ബി) സാങ്കേതിക സഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204   29-12-2010- ൽ മറുപടിയ്ക്ക്

## തീരമൈത്രി പദ്ധതിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ. ബാബു<br>ശ്രീ.ജോർജ് മേഴ്സിയർ | ശ്രീ. എസ്. ശർമ്മ:<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന തീരമൈത്രിപദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) സുനാമി ദുരിത ബാധിതർക്കായി ആവിഷ്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം, നിർവ്വഹണ ഏജൻസി തലത്തിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും സമയാസമയങ്ങളിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാരും മേൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ ജില്ലാ കലക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അതത് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. |
| (ബി) ഈ പദ്ധതി നടപ്പിലാക്കിയ ശേഷം ഇതുവരെ സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി എന്ന് വെളിപ്പെടുത്തുമോ; | (ബി) തീരദേശ ജനങ്ങളുടെ ജീവിത പുരോഗതിക്കും വരുമാന വർദ്ധനവിനുമായി കൂട്ടായ്മയിലൂന്നിയ ഒരു സമഗ്ര പദ്ധതിയാണ് തീരമൈത്രി എന്ന പൊതു നാമധേയത്തിൽ ഫിഷറീസ് വകുപ്പിന്റെ ചുമതലയിൽ നടപ്പാക്കി വരുന്നത്. ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായ ത്തോടുകൂടി 45.25 കോടി രൂപയുടെ സുനാമി അടിയന്തിര സഹായ പദ്ധതിയും 23.29 കോടി രൂപ കേന്ദ്ര സഹായത്തോടെ സുനാമി പുനരധിവാസ പദ്ധതിയും പ്രധാന മന്ത്രിയുടെ ദേശിയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടെ 21.2186 കോടി രൂപയുടെ പദ്ധതികളുമാണ് 9 തീരദേശ |

| | |
|---|---|
| | ജില്ലകളിലായി നടപ്പാക്കിവരുന്നത്. ജീവനോപാധി പുന:സ്ഥാപനം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പൊതു സഹായ പദ്ധതികൾ (പരിശീലനങ്ങൾ, പ്രചാരണം, വിപണന സൗകര്യം ഒരുക്കൽ, ഇൻഷുറൻസ്) എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത പദ്ധതികൾ, മേൽപ്പറഞ്ഞ ചെറുപദ്ധതികളിലൂടെ ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താക്കളായി മാറുന്നു." ഭൂരിപക്ഷം പദ്ധതികളിലും വനിതകളാണ് ഗുണഭോക്താക്കൾ. സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി പുന:സ്ഥാപനത്തിനായി മത്സ്യമേഖലയിൽ 71 തരം ചെറുപദ്ധതികൾ നടപ്പാക്കി വരുന്നു. |
| (സി) സംസ്ഥാനത്തെ തീരദേശമേഖലയിലെ കൂടുതൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനായി എന്തൊക്കെ പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) തീരമൈത്രി പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തിയപ്പോൾ, ആരംഭിച്ചിട്ടുള്ള എല്ലാ യൂണിറ്റുകളും മെച്ചപ്പെട്ട നിലവാരത്തിൽ പ്രവർത്തിക്കാൻ തുടർസഹായം ആവശ്യമാണ് എന്ന് കണ്ടെത്തുകയുണ്ടായി. സ്ഥിരതയുള്ള ഒരു വരുമാന മാർഗ്ഗമായി ഇപ്പോൾ ആരംഭിച്ചിട്ടുള്ളതും ഇനി ആരംഭിക്കാൻ പോകുന്നതുമായ സംരംഭങ്ങളെ മാറ്റിത്തീർക്കുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ പ്രവർത്തന പദ്ധതി രൂപപ്പെടുത്തി നടപ്പാക്കിവരുന്നു. ഈ പദ്ധതിയ്ക്കായി 2010-2011 ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 205 — 29.12.2010-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായുള്ള ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി. ജോസഫ് :<br>ശ്രീ.സി.പി. മുഹമ്മദ് : | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| എ. | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി നൽകിയിരുന്ന ഫണ്ട് ഏതൊക്കെ ജില്ലകളിൽ ഇപ്പോൾ പൂർണ്ണമായും ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ; | എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് തൃശ്ശൂർ, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ പൂർണ്ണമായും ചെലവഴിച്ചു. |
| ബി. | ഈ പദ്ധതിയ്ക്കായുള്ള അധിക ഫണ്ട് ലഭിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ ; | ബി. | ഉണ്ട്. |
| സി. | ആദ്യ ഗഡുവിന്റെ എത്ര ശതമാനം ചെലവഴിച്ച ശേഷമാണ് അടുത്ത ഗഡുവിനായി അപേക്ഷ നൽകേണ്ടത് ; | സി. | 60% |
| ഡി. | ഈ പദ്ധതിക്ക് ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന വസ്തുത കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവോ ; | ഡി. | ഇല്ല. |
| ഇ. | എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ഇ. | ഭൗതിക-ധനകാര്യ പുരോഗതി റിപ്പോർട്ടുകൾ, സംസ്ഥാന വിഹിതം റിലീസ് ചെയ്തതിന്റെ സർട്ടിഫിക്കറ്റ്, മുൻവർഷത്തെ ആഡിറ്റ് റിപ്പോർട്ടും വിനിയോഗ സർട്ടിഫിക്കറ്റും എന്നിങ്ങനെ 12 ഇനങ്ങൾ അടങ്ങിയ മുന്നുപാധികളുടെ വിവരം ഈ വർഷം മുതലുള്ള പ്രൊപ്പോസലുകളോടൊപ്പം സമർപ്പിയ്ക്കണമെന്ന് കേന്ദ്രസർക്കാർ 28-10-2010-ലെ കത്തിലൂടെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടായിരുന്നു. |
| എഫ്. | ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതിയ്ക്കായി രണ്ടാം ഗഡു അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നത് ? | എഫ്. | എല്ലാ ജില്ലകളിലും രണ്ടാം ഗഡു അനുവദിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ല മൂന്നാം ഗഡുവിനായും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 206 | 29.12.2010-ൽ മറുപടിയ്ക്ക്

## തീർത്ഥാടന ടൂറിസം

ചോദ്യം | ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

ശ്രീ.വി.എസ്.സുനിൽകുമാർ
ശ്രീ.കെ. അജിത്
ശ്രീമതി.ഇ.എസ്. ബിജിമോൾ
ശ്രീ. കെ രാജു

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഏറ്റെടുത്ത 20 പദ്ധതികളുടെയും ഇതിനകം വികസനം നടത്തിയവയുടെയും വിശദാംശം അനുബന്ധം ആയി നൽകുന്നു. |
| (ബി) | പുരാതനമായ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | പുരാതനമായ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു നിലവിൽ പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പാക്കുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിലും തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിയിലും ഉൾപ്പെടുത്തി പുരാതനമായ ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേന്ദ്രസർക്കാർ തീർത്ഥാടക പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് അനുവദിച്ച പദ്ധതികൾ

| സീരിയൽ നമ്പർ | തീർത്ഥാടന കേന്ദ്രത്തിന്റെ പേര് |
|---|---|
| 1 | ജനാർദ്ദന സ്വാമി ക്ഷേത്രം |
| 2 | ഓച്ചിറ ക്ഷേത്രം, കൊല്ലം |
| 3 | അമ്പലപ്പുഴ ക്ഷേത്രം |
| 4 | പരുമല ചർച്ച് |
| 5 | ചക്കുളത്ത്കാവ് ഭഗവതി ക്ഷേത്രം |
| 6 | വല്ലാർപാടം ചർച്ച്, എർണാകുളം |
| 7 | വൈക്കം മഹാദേവ ക്ഷേത്രം, എർണാകുളം |
| 8 | ചേരമാൻ മസ്ജിദ് |
| 9 | കൊടുങ്ങല്ലൂർ ക്ഷേത്രം |
| 10 | ഭരണങ്ങാനം ചർച്ച് |
| 11 | തിരുനാവായ ക്ഷേത്രം |
| 12 | കൊട്ടിയൂർ ക്ഷേത്രം, കണ്ണൂർ |
| 13 | അനന്തപുരം ലേക്ക് ടെമ്പിൾ, കാസർഗോഡ് |
| 14 | മാലിക് ദിനാർ, കാസർഗോഡ് |
| 15 | കൂടൽമാണിക്ക ക്ഷേത്രം, ഇരിങ്ങാലക്കുട |
| 16 | വെള്ളായണി ദേവി ക്ഷേത്രം, തിരുവനന്തപുരം |
| 17 | എടത്വാ ചർച്ച് |
| 18 | ചെട്ടികുളങ്ങര ക്ഷേത്രം |
| 19 | ആറാട്ടുപുഴ ക്ഷേത്രം |
| 20 | അരുവിപ്പുറം ക്ഷേത്രം |

## കേന്ദ്ര സർക്കാർ സഹായത്തോടെ അടിസ്ഥാനസൗകര്യ വികസനം നടത്തിയ തീർത്ഥാടക കേന്ദ്രങ്ങളുടെ വിശദവിവരം

| സീരിയൽ നമ്പർ | തീർത്ഥാടന കേന്ദ്രത്തിന്റെ പേര് |
|---|---|
| 1 | അമ്പലപ്പുഴ ക്ഷേത്രം |
| 2 | ചേരമാൻ മസ്ജിദ് |
| 3 | കൊടുങ്ങല്ലൂർ ക്ഷേത്രം |
| 4 | തിരുനാവായ ക്ഷേത്രം |
| 5 | കൂടൽമാണിക്യ ക്ഷേത്രം |
| 6 | ആറാട്ടുപുഴ ക്ഷേത്രം |
| 7 | അരുവിപ്പുറം ക്ഷേത്രം |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 207

29-12-2010 ൽ
മറുപടിയ്ക്ക്

കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. രാജു എബ്രഹാം: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിലെ മനുഷ്യവിഭവം ഗുണമേന്മയുള്ളതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ടൂറിസം മേഖലയിൽ മെച്ചപ്പെട്ട മാനവശേഷി വിനിയോഗത്തിനായി 'ലെറ്റസ് ലേൺ' എന്ന പേരിൽ സമഗ്രമായ ഒരു പരിശീലന പരിപാടിക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ ഹോട്ടലുകളിലും, ട്രാവൽ ടൂറിസം രംഗത്തും തൊഴിൽ എടുക്കുന്നവരുടെ വൈദഗ്ദ്ധ്യവും കഴിവും വർദ്ധിപ്പിക്കുന്നതിന് സഹായകമാവുന്ന തരത്തിലുള്ള പരിശീലന പരിപാടികളാണ് ടൂറിസം വകുപ്പ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ ടൂറിസം രംഗത്ത് മെച്ചപ്പെട്ട മാനവശേഷി വികസനത്തിനായി ടൂറിസം വകുപ്പിന്റെ കീഴിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി എന്ന സ്ഥാപനം കോവളത്ത് പ്രവർത്തിക്കുന്നു. കേരളത്തിലെ ടൂറിസം മേഖലയിൽ മികച്ച പ്രൊഫഷണലുകളെ സൃഷ്ടിച്ചെടുക്കുന്നതിനായി നിലവിൽ ടൂറിസം കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ചും കോഴ്സുകൾ, പാഠ്യപദ്ധതി, ഫീസ്, ഫാക്കൽറ്റി, ലൈബ്രറി, തൊഴിൽ സാദ്ധ്യതകൾ എന്നിവയെക്കുറിച്ച് പഠിച്ച് |

റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഹെവിറ്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനം മുഖേന പഠനം നടത്തിയിട്ടുണ്ട്. നിലവിലുള്ള അക്കാദമിക് കോഴ്സുകൾക്കും പരിശീലന പദ്ധതികൾക്കും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുക, പുതിയ കോഴ്സുകൾ ആരംഭിക്കുക എന്നീ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടൂറിസം പഠന രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിച്ച് പരീക്ഷ നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും മറ്റും ഏകീകൃത മാനദണ്ഡം കൊണ്ടുവരാനും ഉദ്ദേശിച്ച് C-QUEST എന്ന സ്ഥാപനം രൂപീകരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം മേഖലയിൽ എത്ര ലക്ഷം പേരെ ലക്ഷ്യം വച്ചുകൊണ്ടുള്ള കോഴ്സുകളും പരിശീലന പദ്ധതികളുമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | ബി) | ടൂറിസം മേഖലയിൽ കൂടുതൽ മാനേജ്മെന്റ് പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് കിറ്റ്സിൽ 2008-ൽ ഒരു ബാച്ചിൽ 60 കുട്ടികൾ എന്ന കണക്കിൽ എംബിഎ ട്രാവൽ ആന്റ് ടൂറിസം കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഇതിനുപരിയായി ടൂറിസം വ്യവസായത്തിന്റെ ആവശ്യം പരിഗണിച്ച് ഹ്രസ്വകാല കോഴ്സുകൾക്ക് രൂപം നൽകി നടത്തിവരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനതലത്തിലും ലോക്കൽ തലത്തിലും പ്രവർത്തിക്കുന്ന ഗൈഡുകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്. കൂടാതെ, അടുത്ത മൂന്നു വർഷത്തിനുള്ളിൽ 40,000 ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട ഫുഡ് ആന്റ് ബിവറേജസ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ്, ഫ്രണ്ട് ഓഫീസ്, ഹൗസ് കീപ്പിംഗ് എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| സി) | ടൂറിസം വകുപ്പിന് കീഴിലുള്ള കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | സി) | കിറ്റ്സിൽ പുതിയ കൂടുതൽ കോഴ്സുകളും പരിശീലനപരിപാടികളും നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി അടുത്തവർഷം മുതൽ വ്യവസായം, |

ഭരണം, നയരൂപീകരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ഉന്നത ഉദ്യോഗസ്ഥർക്കും മറ്റു പ്രൊഫഷണലുകൾക്കുമായി Executive Development Programme, സംരംഭകത്വ വികസനത്തിന് Entrepreneurship Development Programme, വ്യവസായവുമായി കൂടുതൽ അടുത്തിടപഴകുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം നല്കാൻ Industry Institute Partnership Cell, മെഡിക്കൽ ടൂറിസത്തിൽ ഹ്രസ്വകാല കോഴ്സ് തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ട് വരുന്നു.

| | | | |
|---|---|---|---|
| ഡി) | കിറ്റ്സിന്റെ കീഴിൽ എത്ര സെന്ററുകൾ പ്രവർത്തിക്കുന്നു; അവയുടെ പ്രവർത്തനം വിശദമാക്കുമോ? | ഡി) | കിറ്റ്സിന്റെ കീഴിൽ എറണാകുളം (പള്ളുരുത്തിയിലും) തലശ്ശേരിയിലുമായി 2 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കിറ്റ്സിന്റെ തലശ്ശേരി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ളോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഡിപ്ളോമ ഇൻ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി , എയർലൈൻസ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നീ ഹ്രസ്വ കാലകോഴ്സുകളാണ് പ്രധാനമായും നടത്തുന്നത്. കൂടാതെ ടൂറിസം മേഖലയിൽ ടാക്സി ഡ്രൈവേഴ്സിനും വനസംരക്ഷണ സമിതി അംഗങ്ങൾക്കും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കിറ്റ്സിന്റെ പള്ളുരുത്തി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ളോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫ്രണ്ട് ഓഫീസ് ആന്റ് ഹൗസ് കീപ്പിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് എന്നീ പ്രധാന കോഴ്സുകൾ നടത്തുന്നുണ്ട്. കൂടാതെ ലോക്കൽ ഗൈഡിന്റെ ഒരു പരിശീലന പരിപാടി കഴിഞ്ഞ വർഷം നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 208** 29-12-10 ൽ മറുപടിക്ക്

രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.പി.ജയരാജൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.കെ.സി.രാജഗോപാലൻ: | ശ്രീ.എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ആധാര പകർപ്പുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന നൂതന സംവിധാനം സംസ്ഥാനത്തെ 310 സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.<br>രജിസ്ട്രേഷൻ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനം ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി, 26-07-2008 തീയതിയിലെ<br>ജി.ഒ.(ആർ.റ്റി.)നം.703/2008/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് രജിസ്ട്രേഷൻ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, കേരള വികസിപ്പിച്ച് വികാവനം ചെയ്ത PEARL എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രജിസ്ട്രേഷൻ സംബന്ധമായ എല്ലാ ജോലികളും സബ് രജിസ്ട്രാർ ഓഫീസുകളിൽ ചെയ്ത് വരുന്നത്. ബാദ്ധ്യത സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകാൻ ഈ സോഫ്റ്റ്വെയർ മൂലം കഴിയുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 26 രജിസ്ട്രേഷൻ ആഫീസ് കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്. നിലവിൽ ഭരണാനുമതി ലഭിച്ച 23 സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടം പണി സംബന്ധിച്ച് നടപടികൾ നടന്നു വരുന്നു. സ്വന്തമായി സ്ഥലമില്ലാത്ത സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടികളും നടന്നുവരുന്നു. |
| (ബി) ഡിജിറ്റൽ ഇമേജ് പ്രിന്റർ പദ്ധതി എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലും നടപ്പാക്കിയിട്ടുണ്ടോ; | (ബി) നടപ്പാക്കിയിട്ടുണ്ട്. |

(സി) ആൾമാറാട്ടം മുഖേന കള്ളപ്രമാണം ചമയ്ക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകളും, ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അവസാനിപ്പിക്കുന്നതിലേക്കായി, 04-05-07ലെ 830-ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച 04-05-07ലെ ആർ.ആർ. 5448/03 നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തദനുസരണം, രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും, ഇടത് കൈവിരൽപ്പതിപ്പും ആധാരത്തിൽ പതിച്ചിരിക്കണം. വിലയാധാരങ്ങളിൽ, വസ്തു വാങ്ങുകയോ, വിൽക്കുകയോ ചെയ്യുന്ന ഓരോ ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും, കൈവിരൽപ്പതിപ്പും ആധാരത്തിൽ പതിച്ചിരിക്കണം. മാത്രമല്ല, തന്റെ മുമ്പാകെ രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ അനന്യത സ്വയം ബോധ്യപ്പെടുന്നതിലേക്കായി രജിസ്റ്ററിംഗ് ഓഫീസർ, ഇലക്ടറൽ കാർഡോ, പാസ്പോർട്ടോ, ഡ്രൈവിംഗ് ലൈസൻസോ, ആദായനികുതി വകുപ്പിന്റെ പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ, സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്. ഇപ്രകാരം അനന്യത തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖയുടെ പ്രസക്തഭാഗത്തിന്റെ ഫോട്ടോകോപ്പി വാങ്ങേണ്ടതും ആയത് ആധാര നമ്പരും, രജിസ്റ്റർ ചെയ്ത തീയതിയും ചേർത്ത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ഫയൽ ചെയ്ത് പരിപാലിക്കേണ്ടതുമാണ്.

(ഡി) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചതിനു ശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റൽ ഇമേജ് പ്രിന്റർ പരിഷ്ക്കാരം, ജോലിഭാരത്തിന് അനുസരിച്ചുള്ള ഉദ്യോഗസ്ഥ പുനർ വിന്യാസം, അടിസ്ഥാന സൗകര്യവികസനം എന്നീ ശാസ്ത്രീയ മാനേജ്മെന്റ് നടപടികളിലൂടെ ജോലിഭാരം കുറയ്ക്കുകയും, സേവന വേഗത വർദ്ധിപ്പിക്കുകയും ചെയ്തതിന് ശേഷമാണ് വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചത്. ഈ നടപടികൾ മൂലം വകുപ്പിന്റെ കാര്യക്ഷമതയിൽ നല്ല പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് ഐ.എം.ജി.യുടെ നേതൃത്വത്തിൽ നടത്തിയ വകുപ്പിന്റെ ടി.എൻ.എ. പഠനത്തിൽ പൊതുവായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം മാത്രമായി വിശദമായ ഒരു പഠനം നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ **209** 29.12.2010 ൽ മറുപടിക്ക്

## കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രസ്സിന്റെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ടി.ജലീൽ<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.കെ.ദിവാകരൻ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രസ്സിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഒരേസമയം 32 പേജും മണിക്കൂറിൽ 36000 കോപ്പിയും അച്ചടിയ്ക്കാൻ കഴിയുന്ന പുതിയ 4 കളർ അച്ചടിയന്ത്രം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി എത്രകോടി ചെലവഴിച്ചിട്ടുണ്ട് ; | (ബി) 2 കോടി 72 ലക്ഷം രൂപ |
| (സി) പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (സി) 2011-12 അദ്ധ്യയനവർഷത്തേയ്ക്ക് 2,30,30,000 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ഓർഡർ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ളതിൽ 50 ശതമാനത്തോളം അച്ചടി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) ഈ വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ഡി) ഉണ്ട് ; ബാധകമല്ല. |

| | | | |
|---|---|---|---|
| (ഇ) | സൊസൈറ്റി ഏറ്റെടുത്തിട്ടുള്ള പ്രധാന അച്ചടി ജോലികൾ എന്തെല്ലാമാണ് ; | (ഇ) | വിവരം അനുബന്ധം(1) ആയി ചേർത്തിട്ടുണ്ട് |
| (എഫ്) | സൊസൈറ്റിയുടെ സാമ്പത്തിക നില വ്യക്തമാക്കുമോ ? | (എഫ്) | 2004-05 സാമ്പത്തിക വർഷം മുതൽ സൊസൈറ്റി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. വിശദാംശം അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

(അനുബന്ധങ്ങൾ നിയമസഭ ലൈബ്രറിയിൽ ലഭ്യമാണ്)

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 210

29.12.2010-ൽ മറുപടിയ്ക്ക്

ബി.പി.എൽ. സർവ്വേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. ആർ. സെൽവരാജ് : | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിനായി എല്ലാ സംസ്ഥാനങ്ങളിലും വീണ്ടും ബി.പി.എൽ. സർവ്വേ നടത്തണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ. | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പുതിയ ഒരു ബി.പി.എൽ. സെൻസസ്സ് നടത്തുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചെലവുകൾക്കായി സംസ്ഥാനത്തിന് 426.91 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചിട്ടുണ്ട്. ബി.പി.എൽ. സെൻസസ്സ് നടത്തുന്നതിനുള്ള രീതി സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടില്ല. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടില്ല. ബി.പി.എൽ. സെൻസസ്സ് നടത്തുന്നതിനുള്ള രീതി തീരുമാനിക്കുന്നതിനായുള്ള പഠന സർവ്വേ (Pilot-pretest) വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നടത്തി വരുന്നു. |
| ബി. | സർവ്വേ സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; | ബി. | പുതിയ ബി.പി.എൽ. സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല. |
| സി. | കേന്ദ്ര നിർദ്ദേശപ്രകാരം വീണ്ടും ബി.പി.എൽ. സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | സി. | കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എല്ലാ സംസ്ഥാനങ്ങളിലും ബി.പി.എൽ. സെൻസസ്സ് നടത്തേണ്ടി വരും. |

സെക്ഷൻ ഓഫീസർ.